അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 16-ാമതു റിപ്പോർട്ട്

ശ്രീ. ഈപ്പൻ കണ്ടക്കുടി: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 16-ാമതു റിപ്പോർട്ട് ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുകയാണ്.

IV. നിയമ നിർമ്മാണകാര്യം

1979-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ബിൽ

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, 1979-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസു പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: The bill stands introduced.

ശ്രീ. എസ്. വരദരാജൻ നായർ: സർ, 1979-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പിൻതാങ്ങുന്നു.

Deputy Speaker: The bill was taken into consideration.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ പൊതുജനാഭിപ്രായത്തിന് അയക്കണമെന്ന ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ ഭേദഗതിയും ബിൽ സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന ശ്രീ. ടി. എം. ജേക്കബിൻറെ ഭേദഗതിയും മാത്രം അവതരിപ്പിച്ചാൽ മതി. മറ്റൊന്നും മൂവു ചെയ്യേണ്ട കാര്യമില്ല.

Shri N. I. Devassikutty: Sir, I move that the Kerala Contingency fund (Amendment) Bill, 1979 be circulated for illiciting public opinion till 31st May, 1979.

സർ, ഈ കണ്ടിൻജൻസി ഫണ്ട് അമെൻറുമെൻറ് ബിൽ സാധാരണ അവതരിപ്പിച്ചു കഴിഞ്ഞാൽ അത് അത്ര പ്രാധാന്യമുള്ള ഒരു ബിൽ അല്ലെന്നുള്ള നിലയിൽ കാര്യമായിട്ട് ആരും അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വിലയിരുത്താറില്ല. സർ, അത് ഭരണ ഘടനയുടെ അനുശാസനം അനുസരിച്ചുള്ളതായതുകൊണ്ട് ആർട്ടിക്കിൾ 267 (2) അനുസരിച്ച് ബഡ്ജറ്റിൽ ഏതെങ്കിലും കാര്യങ്ങൾക്ക് വക കൊള്ളിച്ചിട്ടുള്ള സംഖ്യ അവിചാരിതമായി പോരാതെ വരികയോ അല്ലെങ്കിൽ ബഡ്ജറ്റിൽ വക കൊള്ളിക്കാത്ത ഒരിനത്തിനു വേണ്ടി പുതുതായി ചെലവു ചെയ്യേണ്ടി വരുമ്പോഴോ കണ്ടിൻജൻസി ഫണ്ട് ഉണ്ടാക്കി അതിൻറെ കസ്റ്റോഡിയൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറാക്കി ആ ഫണ്ടിൽ നിന്നും ഗവൺമെൻറ് വാങ്ങിക്കണമെന്നാണ്. അതിനു ശേഷം നിയമസഭയുടെ അംഗീകാരം വാങ്ങിച്ച് അത് കണ്ടിന ജൻസി ഫണ്ടിലേക്ക് മടക്കി അടയ്ക്കണമെന്നാണ് വ്യവസ്ഥ. ആർട്ടിക്കിൾ 267 (2) അനുസരിച്ചുള്ള നിബന്ധനയാണ്. അതുകൊണ്ട് 1950-ൽ തന്നെ തിരു-കൊച്ചി നിയമസഭ ഈ കണ്ടിൻജൻസി ഫണ്ട് ആക്ററ് പ്രാബല്യത്തിൽ കൊണ്ടുവന്നു. 1950-ൽ കണ്ടിൻജൻസി ഫണ്ട് ആക്ററിൽ പറഞ്ഞിരുന്നത് 25 ലക്ഷം രൂപയാണു സർ. പിന്നെ പല വർഷങ്ങളിലായി അതു ഭേദഗതി ചെയ്ത് വർദ്ധിച്ചു വർദ്ധിച്ചു 5 കോടി രൂപയിൽ നിൽക്കുകയായിരുന്നു സർ. 5 കോടി രൂപ എന്നുള്ള ഈ കണ്ടിൻജൻസി ഫണ്ട് ബിൽ അവതരിപ്പിച്ചുകൊണ്ട് അന്ന് ഗവൺമെൻറു പറഞ്ഞത് ഇനി പെട്ടെന്നൊന്നും ഇതു വർദ്ധിപ്പിക്കേണ്ടിവരികയില്ലെന്നായിരുന്നു. സർ, ഇപ്പോൾ ഗവൺമെൻറു പറയുന്നു 5 കോടി എന്നുള്ളത് 8 കോടി ആക്കണമെന്ന്.

സർ, ഇതിനു മുമ്പുള്ള ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും ഒരിക്കൽ ഭേദഗതി ചെയ്ത് ആറേഴു കൊല്ലം കഴിയാതെ പിന്നെ അമെൻറുമെൻറുകളും സാധാരണ അവതരിപ്പിച്ചുകണ്ടിട്ടില്ല. 50-ൽ കഴിഞ്ഞ് പിന്നെ രണ്ടാമത് ഉണ്ടായത് 57-ൽ മാത്രമാണ്. അതിനുശേഷം പിന്നീട് ഉണ്ടായത് 63-ൽ മാത്രമാണ്. അങ്ങനെയാണു സർ. ഈ നടപടി വളരെ വിരളമായിട്ടുമാത്രം ചെയ്യേണ്ട ഒരു കാര്യമായിട്ടാണ് ഭരണഘടന വിഭാവന ചെയ്യുന്നത്. അത് പോയിപ്പോയി സംഖ്യ വളരെ വർദ്ധിക്കുന്നു. കൊല്ലം തോറും കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പിക്കുക എന്നുള്ള അമെൻറുമെൻറ് ഗവൺമെൻറ്കൊണ്ടു വരുന്നു. അങ്ങനെ പരിശോധിച്ചാൽ ഏതാണ്ട് കുറച്ചുകാലംകൂടി കഴിഞ്ഞാൽ ബഡ്ജററുതുകയിലുള്ള അത്ര സംഖ്യ തന്നെ കണ്ടിൻജൻസി ഫണ്ട് വേണമെന്ന് അമെൻറുമെൻറു വഴി ആവശ്യപ്പെടും. എന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: 50-ൽ കണ്ടിൻജൻസി ഫണ്ട് 25 ലക്ഷം രൂപ ആയിരുന്നു എന്നു പറഞ്ഞു. അന്നത്തെ ബഡ്ജററുതുക എന്തായിരുന്നു എന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അതു നമുക്കു പരിശോധിക്കാം ബഡ്ജററു തുകയുടെ അനുപാതം അനുസരിച്ചാണ് ഇതു വർദ്ധിക്കുന്നത് എന്നുള്ള ബഹുമാനപ്പെട്ട ഇ. പി. യുടെ ചോദ്യത്തിൽ അടങ്ങിയിട്ടുള്ളവാദം ഞാൻ നിഷേധിക്കുന്നു. അങ്ങനെയല്ല.

ശ്രീ. ഇ. പി. ഗോപാലൻ: പ്രസക്തമായ സമയത്താണ് ഞാൻ ചോദിച്ചത്. ബഡ്ജററു സംഖ്യയോളം പോയിപ്പോയി കയറിയേക്കും എന്നു പറഞ്ഞപ്പോഴാണ് ഞാൻ ഇതു ചോദിച്ചത്. ബഡ്ജററുമായിട്ടു ഇതിനു വല്ല ബന്ധവുമുണ്ടോ? ആ സമയത്താണ് ഞാൻ ചോദ്യം ചോദിച്ചത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു ബന്ധവുമില്ല. അതാതു കാലത്തുള്ള ബഡ്ജററിലെ തുകയും കണ്ടിൻജൻസി ഫണ്ടുമായി യാതൊരു ബന്ധവുമില്ല. ഇങ്ങനെ എല്ലാകൊല്ലവും കണ്ടിൻജൻസി ഫണ്ടിനുള്ള ഭേദഗതി കൊണ്ടുവന്നാൽ അവസാനം ഗവൺമെൻറ് പറയും ഇതൊന്നും നിയമസഭ അറിയേണ്ട ഞങ്ങളിതൊക്കെ ചെയ്തു കൊള്ളാം അവസാനം പാസ്സാക്കിക്കൊള്ളാം എന്ന്. 267 എന്നു പറയുന്നത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക വകുപ്പാണ്. അതിന്റെ പ്രത്യേകതകളെല്ലാം കളഞ്ഞുകുളിച്ചു കൊണ്ടാണ് ഗവൺമെന്റ് ഇപ്പോഴും പെരുമാറുന്നത്. മാത്രവുമല്ല മുൻകാലങ്ങളിലെ ചരിത്രം പരിശോധിച്ചാൽ എട്ടും ഒൻപതും കൊല്ലം കഴിയുമ്പോഴും മാത്രമേ കണ്ടിൻജൻസി ഫണ്ട് ഉപയോഗിച്ചിട്ടുള്ളു എന്നു കാണാനും സാധിക്കും.

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): എന്താണ് പ്രത്യേകത?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: വേണമെങ്കിൽ ഞാനതു വായിക്കാം. ബഡ്ജറ്റിൽ വക കൊള്ളിച്ച സംഖ്യ പോരാതെ വരികയാണെങ്കിൽ, പുതുതായി വരുന്ന ഒരു അധികച്ചെലവിനു ബഡ്ജറ്റിൽ പ്രൊവിഷനില്ലെങ്കിൽ അത് 'അൺഫോർസീൻ ഐറ്റം ഓഫ് എക്സ്പെൻറീച്ചറാ'യി കണക്കാക്കും. ആ ചെലവു നടത്തുന്നതിന് ഗവൺമെന്റിനു ഒരു അഡ്വാൻസ് കൊടുക്കുന്നതിന് in the nature of an imprest കൊടുക്കുന്നതിന് ആണ് ഭരണഘടന പ്രത്യേകമായി 267 (2) എന്ന ആർട്ടിക്കിൾ ഉണ്ടാക്കിയിട്ടുള്ളത്. അത് ഗവൺമെന്റിന്റെ ട്രഷറി പോലെ ഗവൺമെന്റിനു എടുത്തു കൈകാര്യം ചെയ്യാനുള്ളതല്ല. ഇങ്ങനെയാണെങ്കിൽ പിന്നെ ബഡ്ജറ്റു വേണ്ട, ഉപധനാഭ്യർത്ഥനയും വേണ്ട, അപ്രോപ്രിയേഷൻ ബില്ലും വേണ്ട. ഈ അധികാരങ്ങളും ഉപയോഗിക്കുന്നത് നീതിപൂർവ്വമായിട്ടായിരിക്കണം. അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം എടുത്തു ഉപയോഗിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു ഫണ്ട് എല്ലാ ഘട്ടത്തിലും എടുത്ത് ഉപയോഗിക്കുക എന്നു പറഞ്ഞാൽ അതിന്റെ പവിത്രത എന്താണ്? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതു ശരിയായ രീതിയിലല്ല, നീതിപൂർവ്വകമായിട്ടല്ല പ്രത്യേകിച്ച് ഈ ഗവൺമെന്റ് ഉപയോഗിക്കുന്നത് എന്ന്. ഇതിനു മുൻപത്തെ കണ്ടിൻജൻസി ഫണ്ട് ബിൽ കൊണ്ടുവന്നിട്ട് എത്ര കാലമായി? സാധാരണ എട്ടും പത്തും കൊല്ലം കൂടുമ്പോഴാണ് കണ്ടിൻജൻസി ഫണ്ട് ഉപയോഗിക്കാറുള്ളത്. ഈ ഗവൺമെന്റാണെങ്കിൽ ഇപ്പോഴും എല്ലാ കൊല്ലവും കണ്ടിൻജൻസി ഫണ്ട് ഉപയോഗിക്കുകയാണ്. ഇതിൽ നിന്നുണ്ടാകുന്ന അപകടം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതിൽ നിന്നു മനസ്സിലാകും. സർ, ഇത് നിയമസഭയുടെ പരിശോധനയ്ക്കോ പരിഗണനയ്ക്കോ പാത്രമാകുന്നില്ലെന്നുള്ളതാണ് മറ്റൊരു സംഗതി. എട്ടു കോടി രൂപയാണ് കണ്ടിൻജൻസി ഫണ്ടിൽനിന്ന് എടുത്തിട്ടുള്ളതെങ്കിൽ അതിന് എന്തു ജോലി വേണമെങ്കിലും ചെയ്യിക്കാൻ കഴിയും. ഒരു മന്ത്രി വിചാരിച്ചാൽ അതിന് ഒരു വിഷമവുമില്ല. എന്നിട്ടവസാനം അതു സപ്ലിമെന്ററി ഡിമാൻഡ്സിൽ ഉൾപ്പെടുത്തി പാസ്സാക്കുകയും ചെയ്യാം. അങ്ങനെ ചെയ്തു കഴിഞ്ഞ ഒരു കാര്യത്തിന്റെ അംഗീകാരത്തിനു വേണ്ടിയിട്ടാണ് നമ്മുടെ മുമ്പിൽ വരുന്നത്. അങ്ങനെ വരുമ്പോൾ അതിനെ എതിർത്തതു കൊണ്ട് എന്തു ഫലം? സർ, നികുതിദായകൻമാർ തരുന്ന പണം യാതൊരു കാരണവശാലും നിയമസഭയുടെ അംഗീകാരം കൂടാതെ ചെലവഴിക്കാൻ പാടില്ല എന്നാണ്. അല്ലെങ്കിൽ എന്തിനാണു ബഡ്ജറ്റ്?

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്ന രീതിയിൽ പ്രവർത്തിച്ചതിന്റെ ഒരു വിശദീകരണം കൂടി തന്നാൽ നമ്മുടെ അറിവു വർദ്ധിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ചിലതിന്റെയൊക്കെ വിശദീകരണം തരാൻ തുടങ്ങുകയാണ്. അതിനു വേണ്ടി സപ്ലിമെന്ററി ഡിമാൻഡിന്റെ കോപ്പി ഞാൻ കൊണ്ടുവച്ചിട്ടുണ്ട്. ഇ. പി. ധൃതി വയ്ക്കാതിരുന്നാൽ ഞാൻ പറയാം. വിവേചനപരമായി, നിയമസഭയുടെ അംഗീകാരം കൂടാതെ പലതും ചെയ്യാൻ കഴിയും എന്ന് ഈ കഴിഞ്ഞ തിങ്കളാഴ്ച പാസ്സാക്കിയ സപ്ലിമെന്ററി ഡിമാൻഡിൽ കൂടി ഞാൻ കാണിച്ചുതരാം.

ശ്രീ. ഇ. പി. ഗോപാലൻ: പാസ്സാക്കി കഴിഞ്ഞ ഡിമാൻഡിനെ പറ്റി അഭിപ്രായം പറയുമ്പോൾ പരിമിതികളുണ്ടാകും. ഉദാഹരണത്തിനു വേണമെങ്കിൽ പറയാമെന്നേയുള്ളു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: രണ്ടും പറയരുത്. അമ്മയുടെ കൂടെ ഇരിക്കുകയും അച്ഛന്റെ കൂടെ പോകുകയും വേണം എന്നു പറയരുത്. രണ്ടും ഒരുമിച്ചു നടക്കുകയില്ല. ഏതെങ്കിലും ഒന്നേ നടക്കൂ. ധനപരമായ കാര്യങ്ങൾ നിയമസഭയുടെ പരിഗണന കൂടാതെ നടത്തരുത് എന്നുള്ളതു ജനാധിപത്യത്തിന്റെ മൗലികമായ തത്ത്വമാണ്. 267 (2) അനുസരിച്ചാണോ നിങ്ങൾ പ്രവർത്തിക്കുന്നത്? നിങ്ങൾ വളയമില്ലാതെ ചാടാൻ ശ്രമിക്കുകയാണ്. അത് ജനാധിപത്യത്തിന്റെ പവിത്രതയ്ക്ക് എതിരാണ്. നിയമസഭയുടെ അറിവു കൂടാതെ, പരിഗണന കൂടാതെ ഇങ്ങനെയുള്ള വർത്തുകകൾ ചെലവഴിക്കുന്നതിനുള്ള അധികാരം നിങ്ങൾ ദുരുപയോഗപ്പെടുത്തുന്നു എന്നു ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇത് എടുത്തു പറയുന്നത്. ഏതെങ്കിലുമൊരെണ്ണത്തിന്റെ വിശദീകരണം തരണമെന്ന് ശ്രീ. ഇ. പി. ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ചെയർ അനുവദിക്കുമെങ്കിൽ ഞാൻ ഓരോന്നും എടുത്തെടുത്തു പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാം ചൂണ്ടിക്കാണിക്കാൻ സമയമില്ല. ആകെ ഈ ബില്ലിനു രണ്ടു മണിക്കൂറാണ് ഉള്ളത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പത്തു കൊല്ലമായി ഈ ഗവൺമെന്റ് കണ്ടിൻജൻസി ഫണ്ടു വഴി ചെയ്തിട്ടുള്ള ചെലവുകൾ മുഴുവൻ നീതീകരിക്കത്തക്കതല്ലെന്നു ഗവേഷണം നടത്തി തെളിയിക്കാൻ ഞാൻ തയ്യാറാണ്. സമയം തരുമെങ്കിൽ, ആവശ്യമാണെങ്കിൽ ഒരാഴ്ചക്കുള്ളിൽ തെളിയിക്കാം. മന്ത്രിമാർ സ്വന്തം നിയോജക മണ്ഡലത്തിലെ കാര്യങ്ങൾക്കും മറ്റും വേണ്ടിയാണ് അവ ചെലവാക്കിയിട്ടുള്ളത് എന്നു തെളിയിക്കാൻ എനിക്കു കഴിയുമെന്ന് വെല്ലുവിളിയായിത്തന്നെ ഇ. പി. യോടു പറയുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ഈ ഒരു കൊല്ലത്തിനുള്ളിലുള്ളതിനെപ്പറ്റി പറയാൻ കഴിയുമോ? കഴിഞ്ഞ പത്തു കൊല്ലത്തെ കാര്യം പോകട്ടെ. ഈ ഒരു കൊല്ലത്തെ കാര്യം?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങു വന്ന, മൂന്നു മാസത്തിനുള്ളിലുള്ളതു വേണമെന്നും കൂടി പറഞ്ഞാൽ വിഷമമാകും.

സർ, ഇത് ഒരു വസ്തുതയാണെന്നു തെളിയിക്കാൻ കഴിയുമെന്നു ഞാൻ ഉറപ്പിച്ചു പറയുകയാണ്. കണ്ടിൻജൻസി ഫണ്ടിൽ നിന്നും എടുത്തിട്ടുള്ളതു മുഴുവൻ തെറ്റാണ്, അനർഹമാണ് എന്നൊന്നുമല്ല

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത്. നല്ല നോട്ടെണ്ണിക്കൊണ്ടിരിക്കുമ്പോഴും ഇടയ്ക്ക് ഒരു കള്ളനോട്ടും കാണും എന്നു പറഞ്ഞ പോലെ ഇക്കൂട്ടത്തിലും കാണും ചില കള്ളനോട്ടുകളും. വേണമെങ്കിൽ ഞാൻ ഗവേഷണം ചെയ്തു തെളിയിക്കാം. സർ, ഈ നിയമസഭ പാസ്സാക്കിയ ഡിമാൻഡ് 27-ന്റെ കാര്യം എടുത്തു പറയാൻ ഞാനാഗ്രഹിക്കുന്നു. പാസ്സാക്കിയ കാര്യത്തെ വിമർശിക്കുകയല്ല ഉദാഹരണമായി എടുത്തു കാണിക്കുകയാണ്. സർ, ഈ ഓർഡിനൻസിനു കാരണമായത് ഫ്ളഡ് ആണെന്നാണ് ഓബ്ജക്റ്റ്സ് ആൻറ് റീസൺസിൽ പറഞ്ഞിരിക്കുന്നത്.

"It was found that the balance in the fund was inadequate to take care of the large scale expenditure on relief measures necessitated by the unprecedented floods in November 1978."

ഈ ഒരു ഓബ്ജക്റ്റ് മാത്രമാണ് കണ്ടിൻജൻസി ഫണ്ടിനുവേണ്ടി പറയാനുള്ളത്. വേറെ ഒരു ഓബ്ജക്റ്റും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിനു വേണ്ടി പറഞ്ഞിട്ടില്ല. അതാണ് ഡിമാൻഡ്-27 തന്നെ ഞാൻ എടുത്തു പറയാൻ കാരണം. 'ഫാമിൻ' എന്ന ഹെഡ്ഡിംഗിൽ പറയുന്നത് relief on account of natural calamities—gratuitous relief—എന്നാണ്. വെറുതെ ദാനമായി കൊടുക്കുന്ന റിലീഫ് മൂന്നു കോടി ഇരുപത്തഞ്ചു ലക്ഷം. രണ്ടാമത്തേത് റിലീഫ് വർക്കാണ്. അത് സൗജന്യമായി കൊടുക്കുന്നതല്ല ഫാമിൻ റിലീഫ് വർക്കുകൾ ചെയ്യിക്കുന്നതിനുവേണ്ടിയുള്ളതാണ്. ആ ഇനത്തിൽ മൂന്നു കോടി അൻപതു ലക്ഷം. അങ്ങനെ ആറു കോടി എഴുപത്തഞ്ചു ലക്ഷം. ഇതൊരു ചെറിയ സംഖ്യയൊന്നുമല്ല. ഈ തുക തന്നെ ഏതു ജില്ലയ്ക്കു വേണ്ടിയാണു ചെലവാക്കിയതെന്നോ ഏതു താലൂക്കിനു വേണ്ടിയാണു ചെലവാക്കിയതെന്നോ ഏതു നിയോജകമണ്ഡലത്തിനു വേണ്ടിയാണ് ചെലവാക്കിയതെന്നോ ഒന്നും ഇവിടെ പറഞ്ഞിട്ടില്ല. അതു പറയാഞ്ഞത് ചെയ്തിട്ടുള്ള വിവേചനങ്ങളൊക്കെ മറച്ചു വയ്ക്കാൻ വേണ്ടിയാണ്.

സർ, ഈ ഗ്രാറ്റ്യൂട്ടസ് റിലീഫ് വിതരണം ചെയ്തത് സംബന്ധിച്ച് നിയമസഭാ മെമ്പർമാരുടെ ഇടയിലും എത്രയധികം
10 a. m.] ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. പല ജില്ലകളെയും വളരെയധികം അവഗണിച്ചിരിക്കുന്നു. മന്ത്രിമാർക്ക് ഇഷ്ടമുള്ള ജില്ലകൾക്ക് കൂടുതൽ പരിഗണന നൽകിയിരിക്കുന്നു. അങ്ങനെ ആക്ഷേപങ്ങൾ നിരവധി ഉണ്ടായിട്ടുണ്ട്. ഞാനതൊന്നും ആവർത്തിക്കുന്നില്ല.

ശ്രീ. സി. എ. കുര്യൻ: മന്ത്രിമാർക്ക് ഇഷ്ടമുള്ള ജില്ലകൾക്കു കൂടുതൽ കൊടുത്തുവെന്നു പറഞ്ഞല്ലോ, ജില്ലയുടെ പേരു പറയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പല ജില്ലകളും ഉണ്ട്. പറഞ്ഞു വരുമ്പോഴേക്കും ശ്രീ. കുര്യനു ധൃതിയാകരുത്. പിന്നെ, കുര്യനുകിട്ടാത്തതുകൊണ്ട് എന്നെക്കൊണ്ടു പറയിക്കണമെന്നായിരിക്കും. അങ്ങനെ മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തണമെന്നായിരിക്കും. അതു വേണ്ടെന്നില്ല. കുര്യനു തന്നെ റവന്യൂമന്ത്രിയോടു പോയിപ്പറയാം. ഏതായാലും ജില്ലകൾ തമ്മിൽ ഭയങ്കരമായിട്ടുള്ള വിവേചനം ഉണ്ടായിരുന്നുവെന്നു ഞാൻ പറയുന്നു. ഒരു ജില്ലയിൽ കൂടുതൽ കൊടുത്തുവെന്നു പറഞ്ഞതുകൊണ്ട് ആ ജില്ലയിൽ ആളുകൾക്ക് ഗ്രാറ്റ്യൂട്ടസ് റിലീഫ് കിട്ടണ്ട എന്നല്ല; വിവേചനപരമായി

LIBRARY ARCHIVES Kerala Legislative Assembly

അതു ചെയ്തിരിക്കുന്നു എന്നാണു പറയുന്നത്. ജോലികൂടി ചെയ്യുന്ന കാര്യത്തിൽ ഇതിനേക്കാൾ കൂടുതൽ വിവേചനമാണ്. ഫാമിൻ റിലീഫ് വർക്ക് എന്നും ഫ്ളഡ് റിലീഫ് വർക്ക് എന്നുമൊക്കെ പറഞ്ഞ് ഇഷ്ടമുള്ള ജില്ലകൾക്ക് വൻതുകകൾ കൊടുക്കുകയും ചില ജില്ലകൾക്ക് കുറച്ചു കൊടുക്കുകയും ചെയ്തു. ആരാണ് റിലീഫ് വർക്കുകൾ ചെയ്യുന്നത്? കളക്ടർമാരാണ്. അവർ സ്വന്തം നിലയ്ക്കു തീരുമാനിക്കുന്നു. റവന്യൂ മന്ത്രിയും മറ്റു മന്ത്രിമാരും കൊടുക്കുന്ന ഫോൺ സന്ദേശമനുസരിച്ചും പ്രത്യേകമായിട്ടുള്ള നിർദ്ദേശമനുസരിച്ചും ഒക്കെ അവരവർക്കിഷ്ടമുള്ള സ്വന്തം നിയോജകമണ്ഡലത്തിലും ഇഷ്ടമുള്ളവരുടെ നിയോജകമണ്ഡലത്തിലും ഭരണ കക്ഷിക്കാരുടെ നിയോജകമണ്ഡലങ്ങളിലും ഒക്കെ കൂടുതൽ കൂടുതൽ ജോലി ചെയ്യിക്കുകയും കൂടുതൽ കൂടുതൽ കൊടുക്കുകയും അങ്ങനെ വിവേചനം കാണിക്കുകയും ചെയ്യുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ: അതിവൃഷ്ടിയുടെ ഫലമായിട്ടു നാശനഷ്ടങ്ങൾ വരുന്ന സ്ഥലത്തല്ലേ വർക്കുകൾ നടത്തുന്നത്? അപ്പോൾ സാധാരണ ഗതിയിൽ തന്നെ വ്യത്യാസം വരികയില്ലേ? കൂടുതൽ നാശനഷ്ടങ്ങളുണ്ടായ സ്ഥലങ്ങളിൽ കൂടുതൽ തുക നീക്കിവയ്ക്കണ്ടേ? അതു തെറ്റാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അപ്പോൾ കുറെ ജില്ലകളിൽ വളരെക്കൂടുതൽ നീക്കിവച്ചിരിക്കുന്നുവെന്നുള്ള എന്റെ ആരോപണം ബഹുമാനപ്പെട്ട ശ്രീനിവാസൻ അംഗീകരിക്കുന്നു. സർ, 1978-ൽ ഉണ്ടായ ഫ്ളഡ് കേരള വ്യാപകമായിരുന്നു. കേരള വ്യാപകമായിട്ടുള്ള ഒരു ഫ്ളഡ് ഈ അടുത്ത കാലത്തുണ്ടായത് 1978-നവംബറിലാണ്.

ശ്രീ. സി. എ. കുര്യൻ: തൃശ്ശൂരിൽ ഉണ്ടായോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: തൃശ്ശൂരിലും കാര്യമായിട്ടുള്ള ഫ്ളഡ് ഉണ്ടായിട്ടുണ്ട്. പടവുകൾ നശിക്കുകയും വിളവുകൾ നശിക്കുകയും ഉരുൾ പൊട്ടലുണ്ടാവുകയും ഒക്കെ ചെയ്തു. അങ്ങനെ ഈ സംഖ്യ ഈ നിയമസഭയറിയാതെ ഈ നിയമസഭയോടാലോചിക്കാതെ ആറേമുക്കാൽ കോടി ഉറുപ്പിക ചെലവു ചെയ്യാനും.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിട്ടുകൂടി അനുവദിച്ചതു കഴിഞ്ഞു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒന്നോ രണ്ടോ മിനിട്ടുകൂടി തരണം സർ. പ്രധാനപ്പെട്ട കാര്യമാണ്. നിയമസഭയറിയാതെ, അങ്ങനെയുള്ള ഒരു പോംവഴി എന്ന നിലയ്ക്ക് ഗവൺമെന്റ് ഇത് ഉപയോഗിക്കുന്നതുകൊണ്ട് ഭരണഘടനയുടെ സ്പിരിറ്റിനെതിരായി പ്രവർത്തിക്കാൻ കഴിയുന്നു. അതു മന്ത്രിമാർക്കു ചെയ്യാനുള്ള അവസരമാണ് ഇതുകൊണ്ട് ഉണ്ടാകുന്നത്. അതുകൊണ്ടാണ് കണ്ടിൻജൻസി ഫണ്ടു ബില്ലിനെപ്പറ്റി ഇത്രയും വിസ്തരിച്ചു പറയുന്നത്. കഴിഞ്ഞ തിങ്കളാഴ്ച സപ്ലിമെന്ററി ഡിമാൻഡ് ഇവിടെ പാസ്സാക്കി. കാര്യപരിപാടിയനുസരിച്ച് ഇന്ന് 1.30 ന് അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുകയും ചെയ്തു. അങ്ങനെയാണെങ്കിൽ എന്തിനാണ് 5 കോടി corpus പിന്നെയും വർദ്ധിപ്പിക്കുന്നത്? ഫ്ളഡ്ഡിന്റെ കാര്യമാണ് ഏക കാരണം എന്ന് ഇതിൽ പറയുന്നു. ഫ്ളഡ് ആയതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പണം ചെലവാക്കേണ്ടി വന്നു. അതുകൊണ്ട് കണ്ടിൻജൻസി ഫണ്ടിന്റെ corpus വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ചെലവുചെയ്ത മുഴുവൻ സംഖ്യയും തിങ്കളാഴ്ച പാസ്സാക്കിയെടുത്തു. ഇന്ന് 1.30 ന് അപ്രോപ്രിയേഷൻ ബിൽ വരികയാണ്. മുഴുവൻ പാസ്സാക്കി എടുക്കാൻ പോകുന്നു. പിന്നെ എന്തിനാണു ഫ്ളഡിനുവേണ്ടി കണ്ടിൻജൻസിഫണ്ടു വർദ്ധിപ്പിക്കുന്നത്? എന്തിനാണ് അത് ഇനിയും നിലനിർത്തണമെന്നു പറഞ്ഞുകൊണ്ട് കൊണ്ടുവന്ന് നിയമമാക്കുന്നത്. ഇനിയും ഫ്ളഡ് അടുത്ത കൊല്ലവും ക്ഷണിച്ചു വരുത്താനാണോ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരുങ്ങുന്നത്? ഫ്ളഡ് വരുന്ന കൊല്ലവും വരണമെന്നാണോ? ഫ്ളഡിനുള്ള എല്ലാ സംഗതിയും കഴിഞ്ഞ തിങ്കളാഴ്ച സപ്ലിമെന്ററി ഗ്രാന്റായി തന്നു. അത് അപ്രോപ്രിയേഷനായിട്ട് ഇപ്പോഴും പാസ്സാക്കാൻ പോകുകയും ചെയ്യുന്നു. പിന്നെ ആർഡിനൻസ് മാറാൻ കൊണ്ടുവന്ന് ഇതിന്റെ കോർപ്പസ് വർദ്ധിപ്പിക്കേണ്ട ആവശ്യമെന്താണ്?

ശ്രീ. എസ്. വരദരാജൻനായർ: ചെലവാക്കാൻ സാധിച്ചത് ഈ ആർഡിനൻസുകൊണ്ടാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ശരി. നൂറു ശതമാനവും ഈ ആർഡിനൻസു കൊണ്ടാണ്. അതുകൊണ്ട് അതിന്റെ പർപ്പസ് സെർവു ചെയ്തു. ഞങ്ങളും നിയമസഭയിൽ അതു തിങ്കളാഴ്ച പാസ്സാക്കി തന്നു. അപ്രോപ്രിയേഷൻകൊണ്ട് മുഴുവൻ പാസ്സാക്കി തരുന്നു. പിന്നെ എന്തിനാണ് രണ്ടാമതും 5 കോടി എന്നത് 8 കോടിയാക്കണമെന്നു പറയുന്നത്? വരുന്ന കൊല്ലവും ഫ്ളഡ് വരുമെന്നു നമ്മുടെ ധനകാര്യമന്ത്രിക്ക് ഉറപ്പാണോ? എന്നാൽ ചെയ്യുക. സർ, അങ്ങനെ അനാവശ്യമായി, പർപ്പസ് മുഴുവൻ സെർവു ചെയ്തു കഴിഞ്ഞശേഷം, ഇങ്ങനെയൊരു ആർഡിനൻസ് കൊണ്ടുവരികയും അതു നിയമമാക്കണമെന്നു പറയുകയും ചെയ്യുന്നതു ശരിയായ നടപടിയല്ല. സർ, അതുകൊണ്ട് ഈ ആർഡിനൻസ് പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം. വരുന്ന കൊല്ലം ഫ്ളഡോ അതുപോലെയുള്ള പ്രകൃതിക്ഷോഭങ്ങളോ ഉണ്ടാകുകയാണെങ്കിൽ അന്ന് ആർഡിനൻസ് കൊണ്ടുവരാം. നമ്മുടെ നാട്ടിലെന്താണ് ആർഡിനൻസിനു വല്ല വിഷമവുമുണ്ടോ; ഈ നാട്ടിൽ പഞ്ഞമില്ലാത്ത ഏക സാധനമുണ്ടെങ്കിൽ അത് ആർഡിനൻസാണു സർ. ആർഡിനൻസ് ഗവൺമെന്റിനു പഞ്ഞമില്ല. ജനങ്ങൾക്കും പഞ്ഞമില്ല. ബാക്കിയുള്ള ഓരോകാര്യത്തിനും പഞ്ഞവും വിലവർദ്ധനവും. ഏറ്റവും വില കുറഞ്ഞതും ഏറ്റവും പഞ്ഞമില്ലാത്തതുമായിട്ടുള്ളത് ആർഡിനൻസാണു സർ. വരുന്ന കൊല്ലം ഫ്ളഡ് വന്നാൽ വരുന്ന കൊല്ലവും ആർഡിനൻസ് കൊണ്ടുവരണം. അതുകൊണ്ട് ഇതു പിൻവലിക്കണമെന്നു ഞാൻ ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. മര്യാദയുടെ പേരിൽ രണ്ടാഴ്ചത്തെങ്കിലും ലംഘിക്കാതിരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഇതു പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പത്തു പന്ത്രണ്ടു ഭേദഗതി കൊടുത്തിട്ടുണ്ട്. ഈ ബില്ലിന് രണ്ടു മണിക്കൂറാണ് ഈ സഭ തന്നെ അനുവദിച്ചിട്ടുള്ളത്. ഈ സമയത്തിനകത്തു പൂർത്തിയാക്കുന്നതിനു വേണ്ടി ആവശ്യമായ നിയന്ത്രണങ്ങളും സൗമനസ്യപൂർവ്വം ബഹുമാനപ്പെട്ട മെമ്പർമാർ തന്നെ അനുവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Shri T. M. Jacob: Sir, I move that the Kerala Contingency fund (Amendment) Bill, 1979 be referred to a Select Committee.

സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. കണ്ടിൻജൻസി ഫണ്ടിന്റെ 5 കോടി രൂപ എന്നുള്ള തുക 8 കോടി രൂപയാക്കി ഉയർത്തണമെന്നുള്ളതാണ് ഈ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്നത്. കഴിഞ്ഞ 1978 നവംബർ മാസം 16.ാം തീയതി ഇറക്കിയ ഒരു ആർഡിനൻസ് പ്രേസ് ചെയ്യാനാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മുൻകാലങ്ങളിലൊന്നുമുണ്ടാകാത്ത രൂപത്തിൽ വളരെ ഭീമമായ നഷ്ടവും ജനങ്ങൾക്കു വളരെയധികം ക്ലേശവുമുണ്ടാക്കി കൊണ്ട് വെള്ളപ്പൊക്കം നമ്മുടെ രാജ്യത്ത് ഉണ്ടായി. നവംബർ മാസം ആദ്യത്തെ ആഴ്ചയിൽ 3.ാം തീയതി തുടങ്ങിയ കഴ 6.ാം തീയതി വരെ നീണ്ടുനിന്നു. വളരെ വ്യാപകമായ നിലയിൽ പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ കോടിക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. അങ്ങനെ നാശനഷ്ടങ്ങളുണ്ടായ അവസരത്തിൽ കണ്ടിൻജൻസി ഫണ്ടിൽ നിന്ന് ഉള്ള തുക ആവശ്യത്തിനു പോര എന്നു തോന്നിയതുകൊണ്ടാണ് 16.ാം തീയതി ആർഡിനൻസു കൊണ്ടുവന്നത്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി പറയുന്നു ആർഡിനൻസ് ഇറക്കിയതു തെറ്റാണെന്ന്; നിയമസഭയിൽ കൊണ്ടുവന്നു മാത്രമേ പാസ്സാക്കാവൂ എന്ന്. നവംബർ മാസം 3.ാം തീയതി മുതൽ 6.ാം തീയതിവരെയുണ്ടായ കഴയിൽ വെള്ളപ്പൊക്കമുണ്ടായി ജനങ്ങളം ബുദ്ധിമുട്ടു സഹിക്കുമ്പോഴം ഈ നിയമസഭ വിളിച്ചുകൂട്ടി ഈ ബിൽ ഇവിടെ കൊണ്ടുവന്ന് പാസ്സാക്കണമെന്ന് ഇത്രയും മനസ്സാക്ഷിയില്ലാതെ അദ്ദേഹം പറയുന്നല്ലോ എന്ന കുണ്ഠിതം മാത്രമേ എനിക്കുള്ളൂ. സർ, അദ്ദേഹത്തിന്റെ സംസാരത്തിൽ യാതൊരു ആത്മാർത്ഥതയുമില്ല. വെള്ളപ്പൊക്ക കെടുതികളം ഉണ്ടായപ്പോഴം കൊടുക്കുന്ന സഹായം പോരെന്നുള്ള ആവലാതികളം എല്ലാഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ പാർട്ടിയുടെ നേതാക്കൻമാർ ഈ ആവലാതി പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന സഹായം പോരെന്നും കൂടുതൽ വിപുലമായ സഹായങ്ങളം കൊടുക്കണമെന്നുമായിരുന്നു തിരുവനന്തപുരം ജില്ലയിലുമൊക്കെയുള്ള പല നേതാക്കൻമാരും പറഞ്ഞത്. അവർ ഈ ആവശ്യം പലയാവർത്തി ഉന്നയിച്ചിരുന്നു. സഹായങ്ങളം കൊടുക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയും അതിനുള്ള പണം കണ്ടെത്തുന്നതിനുവേണ്ടി ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന ഒരു വ്യവസ്ഥയനുസരിച്ച് കണ്ടിൻജൻസി ഫണ്ടിന്റെ സംഖ്യ ഉയർത്തുകയും ചെയ്തപ്പോഴം അതു തെറ്റാണെന്നും ന്യായരഹിതമാണെന്നും പറഞ്ഞു വാദിക്കുന്നത് ശരിക്കല്ലും ശരിയല്ല. സർ, നമ്മുടെ ഈ സംസ്ഥാനത്തോടു കേന്ദ്രം കാണിച്ചുകൊണ്ടിരിക്കുന്ന നയമാണ് ഇത്തരത്തിലൊരു ദുർഗതി തന്നെ കൊണ്ടുവരാൻ ഇടയാക്കിയിട്ടുള്ളത്. 5 കോടി എന്നത് 8 കോടിയാക്കി ഉയർത്താനുണ്ടായ കാരണംതന്നെ കേന്ദ്രത്തിന്റെ തെറ്റായ സമീപനമാണ്. ഞാൻ മനസ്സിലാക്കുന്നിടത്തോളം ഈ സംസ്ഥാന ഗവൺമെന്റുതന്നെ ഇവിടെ 5 കോടി രൂപയോളം ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ചിട്ടുണ്ട് എന്നാണ്. ഈ സഭയിലെ തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അതറിയാം. ഞാൻ ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. അങ്ങനെ ഈ 5 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുകയുണ്ടായി. കേന്ദ്രത്തോടു സഹായമാവശ്യപ്പെട്ടു. കേന്ദ്രത്തിന്റെ സമീപനം എന്തായിരുന്നു? സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട തുകയുടെ വളരെ ചെറിയ ഒരു സംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം അനുവദിക്കാനുള്ള സൗമനസ്യമാണ് അവർ കാണിച്ചത്. ഇത് അടുത്ത കാലങ്ങളിലൊന്നും ഉണ്ടായിട്ടുള്ള സമീപനമല്ല; കാലാകാലങ്ങളായുള്ള സമീപനം അതു തന്നെയാണ്. 59 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഈ സംസ്ഥാനത്തുണ്ടായി എന്ന് ഔദ്യോഗികമായി നമ്മൾ കണക്കാക്കി. സംസ്ഥാന ഗവൺമെന്റ് ഇതു കണക്കാക്കിയതിനെ ഈ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ചു. 59 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായി എന്നു പറഞ്ഞശേഷം അതിനുള്ള സഹായം അഭ്യർത്ഥിച്ച് കേന്ദ്രത്തിന്റെ അടുക്കലേക്ക് ഇവിടെ നിന്നു പോയി. സർ, അവർ നൽകിയ സഹായം 11 കോടി രൂപയാണ്. അതും പ്ലാൻ സ്കീമിൽ അഡ്വാൻസ് എന്ന നിലയിലാണ് നൽകിയിരിക്കുന്നത്. ഇനിയുമുള്ള സമീപനം എന്തായിരിക്കുമെന്ന് അറിഞ്ഞു കൂടാ.

സർ, കേന്ദ്രം 11 കോടി രൂപ നൽകിയ അവസരത്തിൽ അത് പോരെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് 5 കോടി രൂപ കൂടി സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയത്. അങ്ങനെയുള്ള ഒരു പ്രശ്നം നമ്മുടെ സംസ്ഥാനത്തെ ജനതാപാർട്ടി ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിക്കുന്ന ഒരു പ്രശ്നമാണ്. സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തികാധികാരം ഉൾക്കൊള്ളാൻ കേന്ദ്ര സംസ്ഥാനബന്ധങ്ങളിൽ പുനഃപരിശോധന ആവശ്യമാണെന്നുള്ളത് നമ്മൾ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത് ശ്രീ. മൊറാർജി ദേശായി മാത്രം അംഗീകരിക്കാൻ തയ്യാറാകുന്നില്ല. നമ്മുടെ രാജ്യത്തെ പല മുഖ്യമന്ത്രിമാരും, ഈ നിയമസഭയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രമേയത്തിലൂടെ അതിനുവേണ്ടി പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

ശ്രീ. കെ. ചന്ദ്രശേഖരൻ: മൊറാർജി ദേശായി അത് അപ്പാടെ തള്ളിയെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. അദ്ദേഹം അങ്ങനെ വിപരീതമായി പറഞ്ഞത് സ്പെസിഫിക്കായി ഉള്ള പ്രൊപ്പോസൽ കൊണ്ടുവരികയാണെങ്കിൽ പരിഗണിക്കാമെന്നാണ്.

ശ്രീ. ടി. എം. ജേക്കബ്: ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നത് അങ്ങനെയല്ല. മുഖ്യമന്ത്രിമാരും നിയമസഭകളുമെല്ലാം ആവശ്യപ്പെട്ടിട്ടും മൊറാർജി ദേശായി നിഷേധാത്മകമായ നിലപാടാണ് ആ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിനെ കുറിച്ചുള്ള കൂടുതൽ വാദപ്രതിവാദത്തിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ രീതിയിലാണെങ്കിൽ നമുക്കു ഇത്തരത്തിലുള്ള സാഹചര്യം വരുമ്പോൾ അതിന് പണം കണ്ടെത്താൻ സാധിക്കുകയില്ല. സർ, നമ്മുടെ സംസ്ഥാനത്ത് റോഡുകൾ പോയെന്നും പാലങ്ങൾ പോയെന്നും ഉള്ള ആവലാതികൾ ജനപ്രതിനിധികൾ ഉന്നയിക്കുന്നുണ്ട്. അതുപോലെ പണം വീതിച്ചു കൊടുത്തതിലുള്ള അപാകതകളെപ്പറ്റിയും പറയുന്നുണ്ട്. ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇതൊക്കെ ചെയ്തിരിക്കുന്നത്. നമ്മളെപ്പോലുള്ള സംസ്ഥാനങ്ങൾ, സാമ്പത്തിക ഭദ്രതയില്ലാത്ത സംസ്ഥാനങ്ങൾ കേന്ദ്രത്തോട് അവരുടെ ന്യായമായ അവകാശങ്ങൾ ചോദിക്കുമ്പോൾ അവരോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ഒരിക്കലും ശരിയല്ല. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ആളുകൾക്ക് ഒന്നു രണ്ടു ലക്ഷ്യങ്ങളേ ഉള്ളു. ആർക്കാണ് ശക്തി എന്നു തെളിയിക്കണം. മൊറാർജിക്കാണോ

LIBRARY ARCHIVES Kerala Legislative Assembly

ചരൺസിംഗിനാണോ രാജ് നാരായണനാണോ കൂടുതൽ ശക്തിയെന്നു തെളിയിക്കണം. മൊറാർജിയുടെ മൂത്രത്തിനാണോ ചരൺസിംഗിന്റെ ജാഥയ്ക്കാണോ കൂടുതൽ ശക്തിയുള്ളതെന്ന് തെളിയിക്കണം. ചരൺസിംഗ് കിസാൻറാലി നടത്തുമെന്ന് പ്രഖ്യാപിച്ചു. നടത്തരുതെന്ന് മൊറാർജി. അവസാനം ചരൺസിംഗ് കിസാൻറാലി നടത്തി. നമ്മുടെ രാജ്യത്തെ ഒരു വിഭാഗം ജനങ്ങൾ ബുദ്ധിമുട്ട് സഹിക്കുമ്പോൾ കേന്ദ്രത്തിലുള്ളവരുടെ സമീപനം ഈ രീതിയിലാണ്. ഈ സമീപനത്തിനെതിരായി ശബ്ദമുയർത്താൻ ജനതാ പാർട്ടി തയ്യാറുണ്ടോ എന്നാണ് അറിയേണ്ടത്. ന്യായമായ കാര്യങ്ങൾ എപ്പോഴും അംഗീകരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടായ അവസരത്തിൽ ബംഗാളിലും ഉണ്ടായി. ബംഗാളിൽ ഇവിടെ ഉണ്ടായതിനേക്കാൾ കൂടുതൽ കെടുതികൾ ഉണ്ടായി. അംഗീകരിക്കുന്നു. അവിടെ 90 കോടി രൂപയോളം കൊടുത്ത അവസരത്തിൽ നമുക്ക് 11 കോടി രൂപയാണ് നൽകിയിരിക്കുന്നത്. അതിനെതിരായി യോജിച്ച് ശബ്ദമുയർത്തുന്നതിന് ശ്രമിക്കാതെ ഒരു ഓർഡിനൻസ് ഇറക്കിയെന്നുള്ളതുകൊണ്ട് അതിനെ എതിർക്കുന്ന സമീപനം സ്വീകരിക്കുന്നതു ശരിയല്ല. നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള തുക അനുവദിക്കണം. ഈ ബില്ലിനെ പ്രതിപക്ഷം അനുകൂലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽ രണ്ട് മണിക്കൂർകൊണ്ട് ഈ ബില്ലിന്റെ ചർച്ച പൂർത്തിയാക്കേണ്ടതാണെന്നുള്ള വിവരം പെടുത്തിയതാണ്. സഭ തന്നെ നൽകിയിട്ടുള്ള മാൻഡേറ്റാണ്. അതുകൊണ്ട് വളരെ ചുരുങ്ങിയ സമയം മാത്രമേ ഉള്ളൂ.

ശ്രീ. പി. ശങ്കർ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ഫണ്ട് ഇങ്ങനെ നീക്കിവച്ചാൽ അത് മന്ത്രി ദുരുപയോഗപ്പെടുത്തുമെന്നുള്ളതാണ് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ ആരോപണം. എന്ത് ഫണ്ട് ഉണ്ടെങ്കിലും ചെലവുണ്ടാകും. വെള്ളപ്പൊക്കം വരുകയോ അല്ലെങ്കിൽ പ്രകൃതിക്ഷോഭം വരുകയോ ചെയ്യുമ്പോൾ അസംബ്ലി വിളിച്ചുകൂട്ടി പാസ്സാക്കിയിട്ടേ സഹായം കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നു പറയുന്നത് പ്രയാസമുള്ള സംഗതിയാണ്. ശ്രീ. ദേവസ്സിക്കുട്ടി പറയുന്ന ജനാധിപത്യമെന്നുള്ളതിന്റെ അർത്ഥമെന്താണ്? ജനാധിപത്യപരമായ രീതിയിൽ മാത്രമേ ചെലവ് ചെയ്യാവൂ എന്നാണ് ശ്രീ. ദേവസ്സിക്കുട്ടി പറയുന്നത്. ജനാധിപത്യമെന്നു പറയുമ്പോൾ പ്രകൃതിക്ഷോഭവും മറ്റും ഉണ്ടായാലും ജനങ്ങളെ സഹായിക്കുന്നതിന് ഫണ്ട് നിയോഗിക്കാനുള്ള സൗകര്യം ഉണ്ടാകണം. അല്ലെങ്കിൽ അത് ജനാധിപത്യമാവുകയില്ല. ജനാധിപത്യത്തിന്റെ പേരും പറഞ്ഞുകൊണ്ട് ഇങ്ങനെ എതിർപ്പിനു വേണ്ടിയുള്ള എതിർപ്പ് നല്ലതല്ല. അത്യാവശ്യമായ ചെലവ് ഉണ്ടായപ്പോൾ അതിനുവേണ്ടി ചെലവഴിച്ചത് അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ആ ഓർഡിനൻസ് നിയമമാക്കിയില്ലെങ്കിൽ ആ ചെലവിന്റെ രൂപം എന്തായിരിക്കുമെന്നുള്ള കാര്യം ആലോചിക്കണം. അതുകൊണ്ട് ഈ ബിൽ ശരിക്കും ന്യായമായിട്ടുള്ളതാണ്. നിയമമാക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് ഇതിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ശ്രീമാൻ ദേവസ്സിക്കുട്ടി സാധാരണപോലെ ആദ്യം പ്രസംഗിച്ചു. മറ്റുള്ള മെമ്പർമാർ എന്ത് പറയുന്നു എന്ന് കേൾക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുപോലും തയ്യാറല്ലാത്തതുകൊണ്ട് അദ്ദേഹം ഇപ്പോൾ സഭയിൽ ഹാജരില്ല. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ വിചാരിച്ചു ഈ കണ്ടിൻജൻസി ഫണ്ടെല്ലാം മന്ത്രിമാരുടെ ഇഷ്ടംപോലെ ചെലവഴിച്ചിരിക്കുകയാണെന്ന്. അവരുടെ നിയോജകമണ്ഡലങ്ങളിൽ മാത്രം ചെലവഴിച്ചിരിക്കുകയാണെന്നു തോന്നും അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ. അത് ശരിയല്ലെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അന്നുണ്ടായ പേമാരിയിലും വെള്ളപ്പൊക്കത്തിലും ശ്രീ. ദേവസ്സിക്കുട്ടി തിരുവനന്തപുരം പട്ടണത്തിലുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ സംസാരിക്കുമായിരുന്നില്ല എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാഷ്ട്രീയ പാർട്ടികളും പോലീസും മറ്റ് ഉദ്യോഗസ്ഥൻമാരും എല്ലാം ഒന്നിച്ചണിനിരന്നുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തിയത്. തിരുവനന്തപുരത്ത് അനേകായിരം ആളുകൾക്ക് വീടു നഷ്ടപ്പെട്ടുപോയി, മറ്റ് അനേകം നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. അതിനുവേണ്ടി നാം എത്രയോ ത്യാഗങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. പരാതി ഉണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. ശ്രീമാൻ ദേവസ്സിക്കുട്ടി പറയുന്നത് എല്ലാ ജില്ലകളേയും തുല്യമായിട്ടാണ് പരിഗണിക്കുന്നില്ലെന്നാണ്. തിരുവനന്തപുരം, കൊല്ലം തുടങ്ങിയ ജില്ലകളിൽ നാശനഷ്ടങ്ങളും സംഭവിച്ചതുപോലെ നമ്മുടെ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. അത് കൊണ്ട് ദേവസ്സിക്കുട്ടിയുടെ അഭിപ്രായം അംഗീകരിക്കുവാൻ സാധിക്കുകയില്ല. കണ്ടിൻജൻസി ഫണ്ടിനുള്ള തുക ആവശ്യപ്പെടുമ്പോൾ അതു എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ കഴിഞ്ഞ പ്രാവശ്യം അതുവിനിയോഗിച്ചത് വെള്ളപ്പൊക്കവും അതിവൃഷ്ടിയും മൂലം നാശനഷ്ടങ്ങൾ സംഭവിച്ച ആളുകളെ സഹായിക്കുന്നതിനു വേണ്ടിയാണ്. മരണപ്പെട്ട ആളുകൾക്കും സാമ്പത്തിക സഹായം കൊടുത്തിട്ടുണ്ട്. അതുപോലെ വളരെയധികം നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ചെറുക്കുടിലുകളിൽ താമസിക്കുന്ന ആളുകൾക്ക് വീടുകളും ഉണ്ടാക്കിക്കൊടുക്കാമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ കിട്ടിയ സഹായം വളരെ തുച്ഛമായിട്ടുള്ളതാണ്. തേക്കിൻ കഴകളെല്ലാം അവർക്കു കൊടുക്കാമെന്ന് പറഞ്ഞിരുന്നു. അവയിൽ ചില കാര്യങ്ങളും മാത്രമേ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയിട്ടുള്ളൂ. അതൊന്ന് പുനഃപരിശോധന ചെയ്യണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. സാമ്പത്തിക സഹായം കൊടുക്കാമെന്ന് പറഞ്ഞിരുന്ന സ്ഥലങ്ങളിൽ ഇനിയും കൊടുക്കേണ്ടതുണ്ട്. വീട് നഷ്ടപ്പെടുക, കൃഷി നഷ്ടപ്പെടുക എന്നിങ്ങനെയുള്ള പ്രശ്നങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം പരിഹരിക്കാൻ നടപടിയെടുക്കണമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻനാടാർ: സർ, അടിക്കടിയുള്ള ഓർഡിനൻസ് ഇറക്കലും കോർപ്പറേഷനുകളുടെ രൂപീകരണവും ആ കോർപ്പറേഷനുകളുടെ ചെയർമാൻമാരെ നിയമിക്കുകയും അഴിമതി നടത്തുകയും മാത്രം മുഖമുദ്രയായിട്ടുള്ള ഒരു ഭരണകൂടമാണ് ഇപ്പോൾ. ഇത്തരം ഒരു ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇത് നമ്മൾ അംഗീകരിച്ചു കൊടുത്താൽ കൂടുതൽ ധനം ദുർവിനിയോഗം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഈ അടുത്ത കാലത്ത് ഒരു വെള്ളപ്പൊക്കമുണ്ടായി. ഇതുപോലുള്ള പ്രത്യേക സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നടപടി സ്വീകരിക്കുവാൻ വേണ്ടിയാണ് കണ്ടിൻജൻസി ഫണ്ട് ഉപയോഗിക്കുന്നത് എന്നാണ് ഇദ്ദേഹം ലക്ഷ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. പക്ഷേ ഈ ബിൽ അവതരിപ്പിച്ച ധനകാര്യമന്ത്രി എന്തൊക്കെ നടപടി, ഏതെല്ലാം പ്രദേശങ്ങളിൽ സ്വീകരിച്ചുവെന്നു വ്യക്തമാക്കുവാൻ തയ്യാറായില്ല. എല്ലാ ജില്ലകളേയും ഒരുപോലെ അല്ല വീക്ഷിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ പല വിവേചനങ്ങളും കാണിച്ചിട്ടുണ്ടെന്നു പല മെമ്പർമാരും സൂചിപ്പിച്ചു. ജില്ലയുടെ കാര്യത്തിൽ മാത്രമല്ല വിവേചനം കാണിച്ചിട്ടുള്ളത്, ഒരു ജില്ലയിൽ തന്നെ പല വികസന പ്രവർത്തനങ്ങളേയും പല രീതിയിൽ കാണുന്ന സമീപനവും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ള പല വികസന ബ്ലോക്കുകളിലും വേണ്ടത്ര തുക അലോട്ടു ചെയ്തുകൊണ്ട് ആശ്വാസ പ്രവർത്തനം നടത്തുന്നതിന് ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. ഏതെല്ലാം പ്രദേശങ്ങളിൽ ഭരണകക്ഷിയിൽപെട്ട നിയമസഭാംഗങ്ങൾ ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ചിറ്റമ്മനയമാണ് സ്വീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വികസന ബ്ലോക്കിലും പെരിങ്കടവിള വികസന ബ്ലോക്കിലും അതിയന്നൂർ വികസന ബ്ലോക്കിലും ഭരണ കക്ഷിയിൽ സ്വാധീനമുള്ള നിയമസഭാ അംഗങ്ങളില്ല. അതുകൊണ്ട് നാമമാത്രമായ തുക മാത്രമാണ് ആ ബ്ലോക്കുകളുടെ വികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ആ രീതിയിൽ വീണ്ടും പണം ചെലവഴിക്കുവാൻ വേണ്ടിയാണ് ഈ ബിൽ നിയമമാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ട കടം കിട്ടിയിട്ടില്ലെന്നും മറ്റും ശ്രീ. ജേക്കബ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു കേട്ടു. ഞാൻ ഒന്നു ചോദിക്കട്ടെ, ഏതൊരു സംസ്ഥാനത്തായാലും അവിടെ ഭരിക്കുന്ന ഗവൺമെൻറിന്റെ രാഷ്ട്രീയ നിറം നോക്കാതെ രാഷ്ട്രീയ കൂട്ടുകെട്ട് നോക്കാതെ സഹായം എത്തിച്ച ഏതെങ്കിലും ഒരു ഗവൺമെൻറ് ഇന്നത്തെ ഗവൺമെൻറിനെപോലെ കേന്ദ്രത്തിൽ ഉണ്ടായിട്ടുണ്ടോ? കേന്ദ്രത്തിൽ ആർക്കാണ് ശക്തിയെന്നു തെളിയിക്കുവാൻ വേണ്ടി ചരൺസിംഗും രാജ്നാരായണനും മൊറാർജിയും തമ്മിൽ വടംവലി നടത്തുകയാണ് എന്നും ശ്രീ. ജേക്കബ് ഇവിടെ സംസാരിച്ചു കേട്ടു. ശ്രീ. ജേക്കബിന്റെ പാർട്ടിയിൽ എന്താണ് നടക്കുന്നത്? മണർക്കാടു മദ്ധ്യത്തിനാണോ അതോ മുക്കോടൻ മദ്ധ്യത്തിനാണോ വീര്യം എന്ന് തെളിയിക്കാനുള്ള വഴക്കല്ലേ ജേക്കബിന്റെ പാർട്ടിയിൽ നടക്കുന്നത്? എന്തിനാണ് സ്വന്തം പല്ലു കുത്തി മറ്റുള്ളവരെ നാറ്റിക്കുവാൻ തയ്യാറാകുന്നത്. ഈ ബില്ലിനെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള ബില്ലിനെ ഞാൻ എതിർക്കുകയാണ്. 5 കോടി രൂപയെന്നുള്ളത് 8 കോടി രൂപയായി വർദ്ധിപ്പിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. നിയമസഭയുടെ അനുവാദം കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ വേണ്ട ചെലവ് നടത്തിയതിനുശേഷം മാത്രം ആ തുക അനുവദിച്ചു കിട്ടണമെന്ന് നിയമസഭയോടു ചോദിക്കുന്ന ഇനത്തിലുള്ള തുകയാണ്. വെള്ളപ്പൊക്ക കാലത്ത് ഉണ്ടായ ദുരിതങ്ങൾ പരിഹരിക്കുവാൻവേണ്ടി ചെലവഴിച്ച തുകയ്ക്കുള്ള അനുവാദമാണ് ഇപ്പോൾ ഇവിടെ ചോദിച്ചിരിക്കുന്നത്. വെള്ളപ്പൊക്കസമയത്ത് ഈ സംസ്ഥാനത്ത് ദുരിതാശ്വാസ നടപടികൾ സ്വീകരിച്ചത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. വെള്ളപ്പൊക്കക്കെടുതികളോ അതുപോലുള്ള മറ്റു കെടുതികളോ ഉണ്ടാകുന്ന സമയത്ത് ആശ്വാസ നടപടി സ്വീകരിക്കണം. അത് ദുരിതമനുഭവിക്കുന്നവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കണം. കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് നടത്തിയ ആശ്വാസ നടപടികളെക്കുറിച്ച് പരിശോധിച്ചാൽ യഥാർത്ഥത്തിൽ ദുരിതമനുഭവിച്ചവർക്കല്ല ആശ്വാസം കിട്ടിയിട്ടുള്ളത്. നേരെമറിച്ച് രേണുകക്ഷിയിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞ പ്രവർത്തകർക്കാണ് ആശ്വാസം കിട്ടിയിട്ടുള്ളത് എന്നു കാണാൻ കഴിയും. ഇത് ഒരു സത്യമാണ്. ഞാൻ വെറും ആരോപണം ഉന്നയിക്കുകയല്ല. വീട് പൂർണ്ണമായി നശിച്ചവർക്ക് വേണ്ടി 600 രൂപ വീതം കൊടുക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിച്ചു. എന്നിട്ട് വീടുകൾ പൂർണ്ണമായി നശിച്ച എത്ര പേർക്ക് ഇതിൻെറ ആനുകൂല്യം കിട്ടിയിട്ടുണ്ട് എന്നൊന്ന് പരിശോധിച്ചു നോക്കണം. നേരെമറിച്ച് ഒരു കഴുക്കോൽപോലും കേടില്ലാത്ത എത്ര വീടുകൾക്കാണ് ഇതിൻെറ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. വീട് നശിക്കാത്തവർക്ക് തുക അനുവദിപ്പിച്ചിട്ട് അതിൽനിന്നും നൂറും ഇരുനൂറും രൂപ ഓരോ വീട്ടുടമസ്ഥർക്കും കൊടുത്തിട്ട് ബാക്കി തുക പാർട്ടി പ്രവർത്തകരുടെ ഫണ്ടിലേക്ക് പോയിട്ടുണ്ട് എന്ന് അന്വേഷിച്ചാൽ അറിയാൻ കഴിയും. അതുകൊണ്ട് യഥാർത്ഥത്തിൽ ആശ്വാസം ലഭിക്കേണ്ടവർക്ക് ലഭിച്ചിട്ടില്ല.

സർ, റോഡിൻെറ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയും ഗവൺമെൻറ് തുക അനുവദിച്ചിട്ടുണ്ട്. അതെല്ലാം മന്ത്രിമാരെ പിടിയുള്ള പാർട്ടി നേതാക്കൻമാർ ആവശ്യപ്പെടുന്ന റോഡുകളുടെ കാര്യത്തിനുവേണ്ടി മാത്രമായി വിനിയോഗിക്കുന്ന പതിവുണ്ട്. ഇങ്ങനെ ആവശ്യപ്പെടുന്നവർക്കിന് അനുവദിക്കുന്ന തുകയിൽനിന്നും അഞ്ച് ശതമാനം കമ്മീഷനായി വാങ്ങിയിട്ടുള്ള പാർട്ടി പ്രവർത്തകരും നമ്മുടെ സംസ്ഥാനത്തുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: ഇത് ഏത് പാർട്ടി പ്രവർത്തകരാണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഏതായാലും ഞാൻ ഇപ്പോൾ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ രാജ്യത്ത് അഴിമതി നടന്നുവെന്നുള്ളത് സത്യമാണ്. അതിനെക്കുറിച്ച് എല്ലാവർക്കും അറിവുള്ളതുമാണ്. അതിൽ ആരും പരിഭവിച്ചിട്ടു കാര്യമില്ല. ഇത്തരത്തിലുള്ള ഒരു ദുരിതാശ്വാസ പ്രവർത്തനമാണ് നടത്താൻ പോകുന്നതെങ്കിൽ ഇനി അത് വേണ്ടായെന്നുപോലും പറയാൻ തോന്നിപ്പോകുകയാണ്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, മേലിലെങ്കിലും ഇത്തരത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനം നടത്തുമ്പോൾ യഥാർത്ഥത്തിൽ അതുകൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് തന്നെ ആയിരിക്കണം അതിൻെറ പ്രയോജനം ലഭിക്കേണ്ടത് എന്നാണ്. ഇതിനെ ഞാൻ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ചടയൻ ഗോവിന്ദൻ: സർ, അവിചാരിതമായി ഉണ്ടാകുന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിന് ഇത്തരം ഒരു ഫണ്ട് ആവശ്യമാണെന്നുള്ള കാര്യത്തിൽ വലിയ തർക്കം ഉണ്ടാകാനിടയില്ല. പക്ഷേ ഈ ഫണ്ട് ഉപയോഗിക്കുന്ന രീതി കാണുമ്പോൾ, അതിലെ ക്രമക്കേടു കാണുമ്പോൾ ഇതിനെ എതിർക്കാതിരിക്കുവാൻ നിർവ്വാഹമില്ല. കഴിഞ്ഞ വെള്ളപ്പൊക്കകാലത്ത് ദുരിതാശ്വാസ പ്രവർത്തനത്തിനായി ഏറ്റവും വലിയ ഒരു സംഖ്യ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ചെലവഴിച്ചിട്ടുള്ള രീതി എടുത്തു പരിശോധിച്ചാൽ പല ആക്ഷേപങ്ങൾക്കും ഇട വരുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ വെള്ളപ്പൊക്കത്തിൻെറ ഫലമായി ദുരിതം അനുഭവിച്ചവർ

LIBRARY ARCHIVES Kerala Legislative Assembly

ക്കാവശ്യമായ സഹായം ചെയ്തു കൊടുക്കുന്നതിന് ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. എന്റെ നിയോജക മണ്ഡലത്തിൽ അഴിക്കോട് ഏറ്റവും വലിയ നാശനഷ്ടങ്ങളുണ്ടായി. അതിന്റെ ഫലമായി ഭാഗികമായി വീട് നശിച്ചവർക്ക് ഗവൺമെൻറ് കൊടുത്തത് 20 രൂപയാണ്. ഈ 20 രൂപകൊണ്ട് അവർക്ക് എന്തു ചെയ്യാൻ സാധിക്കും? പേരിനുവേണ്ടി, ദുരിതാശ്വാസപ്രവർത്തനം എത്തിച്ചുവെന്നു വരുത്തി തീർത്തിട്ട് ഭരണകക്ഷിക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ അതായത് ദുരിതമനുഭവിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ ഈ സംഖ്യ ഉപയോഗപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. മന്ത്രിമാർക്ക് നേരിട്ട് ചെലവ് ചെയ്യാൻ വേണ്ടിയുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനെ യാതൊരു കാരണവശാലും അനുകൂലിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ ഞാൻ എതിർക്കുന്നു. ശ്രീ. ദേവസ്സിക്കുട്ടി കാര്യകാരണ സഹിതം എന്തുകൊണ്ട് ഇതിനെ എതിർക്കുന്നുവെന്ന് പറഞ്ഞു. ഇതിൽ പറഞ്ഞിരിക്കുന്ന സ്റ്റേറ്റ്മെൻറ് ഓഫ് ഓബ്ജക്റ്റ്സ് ആൻറ് റീസൺസിൽ പറഞ്ഞിരിക്കുന്ന പ്രസക്തമായ ഭാഗം :..... of the large scale expenditure on relief measures necessitated by the unprecedented Floods in November, 1978. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ വരുന്ന കാലങ്ങളിൽ കൂടുതൽ വെള്ളപ്പൊക്കം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുമെന്നാണോയെന്ന് സംശയിച്ചുപോകുന്നു. അതുപോലെ തന്നെ ഒരു കാര്യം പറഞ്ഞിട്ടില്ല. എത്ര എമൗണ്ട് ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്, എത്ര എമൗണ്ട് ഭാവിയിൽ ഇങ്ങനെയുള്ള പ്രവർത്തികൾക്കുവേണ്ടി വരുമെന്നുള്ള ഏകദേശ കണക്ക് ഇതിൽനിന്ന് കിട്ടുന്നില്ല. ഈ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ജനങ്ങളുടെ അഭിപ്രായം ആരായുന്നതിനുവേണ്ടി വിടണമെന്നാണ് എന്റെ അഭിപ്രായം. മറെറാരു കാര്യം ഇങ്ങനെ ഉള്ള വർക്കുകൾ ചെയ്യുമ്പോൾ ആ വർക്കുകൾ ആര്, എവിടെ, എങ്ങനെ, ഏതു പ്രകാരത്തിൽ ചെയ്യുന്നുവെന്ന ചോദ്യം ചോദിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ സഭയ്ക്ക് അധികാരമില്ല. ഒരു വർക്ക് ചെയ്തു എത്ര എമൗണ്ട് ചെലവായി എന്ന കണക്ക് ഇവിടെ അവതരിപ്പിച്ചാൽ അത് പാസാക്കിക്കൊടുക്കുകയാണെങ്കിൽ അത് ദേവസ്സിക്കുട്ടി പറഞ്ഞ വിധത്തിൽ ജനാധിപത്യ മര്യാദയ്ക്കു യോജിച്ചതല്ല. രേണഘടനയിലെ 267 -ാം വകുപ്പിൽ പറയുംപോലെ unforeseen കാര്യങ്ങൾ വരികയാണെങ്കിൽ തീർച്ചയായും പണം ആവശ്യമാണ്. അതിനുള്ള തുക ഇപ്പോൾ തന്നെ നമുക്കുണ്ട്. കൂടുതലായ സംഖ്യ വരികയാണെങ്കിൽ ഇതുപോലെ ഒരു ഓർഡിനൻസ് വരുത്തിക്കൊണ്ട് ആ കണ്ടിജൻസി നേരിടാവുന്നതാണ്. ഈ രണ്ട് മുഖ്യമായ കാരണങ്ങൾകൊണ്ട് ഈ ബില്ല് പാസാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾക്കു കൂടി അവരുടെ അഭിപ്രായം പറയത്തക്കവിധത്തിൽ പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി വിടുന്നതായിരിക്കും ഏറ്റവും നല്ലത്. നമ്മുടെ സംസ്ഥാനത്തെ ഖജനാവിൽ നിന്ന് ധാരാളം പണം പല പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ കൊല്ലം തന്നെ ആറോ മൂന്നോ കോടി രൂപ ചെലവഴിച്ചുവെന്ന് പറയുന്നു. എങ്ങനെ ചെലവഴിച്ചു എന്നുള്ളതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളും പല ആളുകൾ പണങ്ങളും പല ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ആരോപണങ്ങളും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ട് നല്ല വിധത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള പണം ഉപയോഗിക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും വളർച്ചക്കും ആവശ്യമാണ്. അത് ഉണ്ടാകണമെന്നുണ്ടെങ്കിൽ ഇങ്ങനെയുള്ള ഭീമമായ സംഖ്യ കണ്ടിജൻസി ഫണ്ടിൽ പെടുത്താതെ ഉള്ള തുകയിൽ തന്നെ നിർത്തികൊണ്ട് ചെലവഴിക്കണം. കൂടുതലായി ചെലവ് വരുമെന്നുണ്ടെങ്കിൽ സന്ദർഭോചിതമായിട്ട് ഓർഡിനൻസ് ഇറക്കി നമുക്ക് നേരിടാവുന്നതാണ്. ഈ കാരണംകൊണ്ട് ഈ ബില്ല് പാസ്സാക്കാതെ പൊതുജനാഭിപ്രായത്തിനു വിടണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്.

ശ്രീ. കെ. സുകുമാരനുണ്ണി: ഏത് നല്ല കാര്യങ്ങൾ കൊണ്ടുവന്നാലും അതിനെ എതിർക്കുകയെന്നുള്ളതാ സ്ഥിരം ഏർപ്പാടായി സ്വീകരിച്ചിട്ടുള്ള ഒരു മെമ്പർ നിയമസഭയിലുണ്ട്, ശ്രീ. ദേവസ്സിക്കുട്ടിയാണ്. ദേവസ്സിക്കുട്ടിയുടെ കുട്ടിക്കളി കാണുമ്പോൾ എന്തു പറയാനാണ്? വെള്ളപ്പൊക്കം, റോഡ് അപകടം, പാലം ഇടിഞ്ഞു പോകുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ഓർക്കാതെ പോയത് കഷ്ടമായിപ്പോയി. ഈ ബില്ലിനെ എതിർക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. കഴിഞ്ഞ കൊല്ലം വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ചില ആളുകൾക്ക് വീട് നഷ്ടപ്പെട്ടു, പാലം തകർന്നു പോയി ഇതിനെല്ലാം അൽപ്പമെങ്കിലും ആശ്വാസം കൊടുക്കാൻവേണ്ടി പല മാർഗ്ഗങ്ങളും സ്വീകരിച്ചു. കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാന ഗവൺമെന്റിൽനിന്നും കിട്ടാവുന്നിടത്തു നിന്നുമെല്ലാം പണം ശേഖരിച്ചു. ഈ ബില്ല് പൊതുജനാഭിപ്രായത്തിനു വിടുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഈ ഗവൺമെന്റ് വളരെയധികം നല്ല കാര്യങ്ങൾ ചെയ്തു. അതിന്റെ ഒരു ഭാഗമായിട്ട് വളരെ ഗൗരവപൂർവ്വം ആലോചിച്ചിട്ട് കൊണ്ടുവന്ന ബില്ലാണ്. ഈ ബില്ല് എത്രയും വേഗം പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. കുര്യൻ: കണ്ടിജൻസി ഫണ്ട് നിയമം കൊണ്ടുവരുമ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എട്ടു കോടി രൂപ വളരെ അടിയന്തിരമായ സന്ദർഭത്തിൽ ഉപയോഗിക്കുന്നതിനുള്ള അനുമതിക്കുവേണ്ടിയാണ്. ഇതുപോലെ തുക വർദ്ധിപ്പിച്ചു കഴിഞ്ഞാൽ അതു ദുർവിനിയോഗം ചെയ്യും. ഇപ്പോൾ തന്നെ സംസ്ഥാന നിയമസഭ സമ്മേളിക്കുന്നത് ഭരണഘടനാപരമായിട്ട് സഭ സമ്മേളിച്ചില്ലെങ്കിൽ വരുന്ന അപകടത്തിന്റെ പേരിൽ മാത്രമാണ്. നമ്മുടെ രാജ്യത്ത് സപ്ലിമെന്ററി ഡിമാന്റുകൾ അവതരിപ്പിച്ച് പാസ്സാക്കാനുള്ള വ്യവസ്ഥയുണ്ട്. ഒരു വർഷം തന്നെ ഈ ഗവൺമെന്റ് ഒന്നിലേറെ പ്രാവശ്യം സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചു അംഗീകാരം തേടാറുണ്ട്. കഴിഞ്ഞ ദിവസം അതുപോലൊരു ബില്ലിന് അനുമതി കൊടുത്തു. ബഡ്ജറ്റിന്റെ ഓരോ വർഷവും കാലേക്കൂട്ടി വിഭാവനചെയ്യുന്ന പ്രവർത്തികൾ ആ സംഖ്യതികയാതെ വരുമ്പോഴും, പുതിയ സ്കീംസ് ഏർപ്പെടുത്തേണ്ടി വരുമ്പോഴും സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്ന് നിയമസഭ വിളിച്ചുകൂട്ടി പാസാക്കിയെടുത്താൽ മതി. അതിനെ മറികടക്കാൻ വേണ്ടി സ്വാഭാവികമായിട്ടും ഇത്തരത്തിൽ കണ്ടിജൻസി ഫണ്ടിലുള്ള തുക കൂട്ടിയാൽ കണ്ടിജൻസി ഫണ്ടിൽനിന്ന് യഥേഷ്ടം എടുത്ത് ചെലവഴിക്കാനുള്ള സംഖ്യ വർദ്ധിപ്പിച്ചാൽ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരേണ്ട ആവശ്യമില്ലാതെ വരും. പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ ഈ ഫണ്ട് വർദ്ധിപ്പിക്കാനുള്ള പ്രവണത സംസ്ഥാന ഗവൺമെന്റ് കാണിക്കുന്നുണ്ട്. അതിന്റെ അർത്ഥം നിയമസഭ ഇടയ്ക്കിടയ്ക്ക് സമ്മേളിച്ച്

LIBRARY ARCHIVES Kerala Legislative Assembly

unforeseen കാര്യങ്ങൾക്കു വേണ്ടി അപ്പോഴപ്പോൾ ഡിമാൻറ് മൂവ് ചെയ്ത് ഗ്രാൻറാക്കി എടുക്കുന്നതിനുള്ള ശ്രമത്തിൽനിന്ന് മാറി നിൽക്കുക, ആറു മാസത്തിലൊരിക്കൽ നിയമസഭ കൂടുതൽ മതിയെന്ന് തീരുമാനിക്കുന്നതായിരിക്കും. ആ അടിസ്ഥാനത്തിൽ കണ്ടിജൻസി ഫണ്ടിൻെറ തുക കൂടുതൽ അനുവദിച്ചു കൊടുക്കുന്നതിനെ എതിർക്കുകയാണ്. ഇവിടെ ശ്രീ. ടി. എം. ജേക്കബ് സംസാരിച്ചപ്പോൾ പറഞ്ഞു, ഇതെല്ലാം കൃത്യമായി മന്ത്രിമാരൊന്നും നേരിട്ടു ചെയ്യുന്ന കാര്യമല്ല, കൃത്യമായി ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടുകൾ പരിശോധിച്ചാണ് ഈ സംഖ്യ ചെലവാക്കുന്നതെന്ന്. അദ്ദേഹം സൂചിപ്പിച്ചത്, വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ഫാമിൻ റിലീഫ് വർക്കുകൾ ഒക്കെ ചെയ്യുന്നത് ഇങ്ങനെയാണെന്നാണ്. ഇതു സത്യ വിരുദ്ധമാണ്. നിരവധി അനുഭവങ്ങൾ പറയാൻ കഴിയും. കഴിഞ്ഞ ഡിസംബർ മാസത്തിൽ ഞാൻ പ്രതിനിധീകരിക്കുന്ന പ്രദേശത്തെ അങ്കമാലി ബ്ലോക്കിൽ ഒരു പ്രത്യേക റോഡ്, വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കിട്ടുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിക്ക് പരാതി സമർപ്പിച്ചു. അതിൻെറ നീണ്ട പ്രൊസീഡിംഗ്സ് എല്ലാം കഴിഞ്ഞ് ഡിസംബർ മാസാവസാനം ഡെവലപ്മെൻറ് സെക്രട്ടറിയിൽനിന്ന് ഒരു മറുപടി ലഭിച്ചു. ഈ വർഷം വില്ലേജു പ്രോഗ്രാമിൽ ഫണ്ട് ഇല്ലാത്തതുകൊണ്ട് ഈ വർഷം പുതുതായി റോഡ് അനുവദിക്കാൻ നിവർത്തിയില്ല, ഖേദിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള മറുപടി കിട്ടി. അതുകഴിഞ്ഞ് മറ്റു മാർഗ്ഗങ്ങളിൽകൂടി വേണ്ടപ്പെട്ടവരേയും കൂട്ടിക്കൊണ്ട്. ഈ റോഡ്, വില്ലേജു പ്രോഗ്രാമിൽ ഉൾപ്പെടുത്തി കിട്ടണമെന്ന് കാണിച്ച് വകുപ്പു മന്ത്രിയെ കണ്ടു. രണ്ടു ദിവസത്തിനകം ബന്ധപ്പെട്ട വകുപ്പു സെക്രട്ടറി നിഷേധിച്ച അതേ റോഡിനു കളക്ടർ വഴി അന്വേഷിച്ച് മുഴുവൻ പ്രൊസീഡിംഗ്സും കഴിഞ്ഞ് 1978-79-ലെ വില്ലേജുറോഡ് പ്രോഗ്രാമിൽ അനുവദിക്കാൻ നിവർത്തിയില്ലെന്നു കൃത്യമായി അറിയിച്ച അതേ ജോലിക്ക് ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ച ആ കാരണംകൊണ്ട് അനുമതി കിട്ടിയെന്നുള്ള കാര്യം ഞാൻ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. അദ്ദേഹം ഇവിടെ പറഞ്ഞത് കൃത്യമായി ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തിയാണ് കാര്യങ്ങൾ നടക്കുന്നതെന്നാണ്. ഇതിൽ കൂടുതൽ സ്വജനപക്ഷപാതത്തിന് ഉദാഹരണം വേണമോ? ആരെങ്കിലും ചെന്നു മന്ത്രിയെ കണ്ടാൽ ഈ കാര്യങ്ങൾ നടക്കുമെന്നുള്ളതിന് വേറെ തെളിവു വേണമോ?

ശ്രീ. കെ. എ. മാത്യു: ബഹുമാനപ്പെട്ട മെമ്പർ രാഷ്ട്രീയമായ അഴിമതി നടത്തിയെന്നാണോ ഈ സഭ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്?

ശ്രീ. എ. പി. കുര്യൻ: എന്തു വേണമെങ്കിലും മനസ്സിലാക്കണം. ഇതു രാഷ്ട്രീയമായ അഴിമതിയാണോ, സ്വജനപക്ഷപാതമാണോ എന്താണ് ഇവിടെ നടക്കുന്നതെന്നുള്ളത് ഒന്നു അന്വേഷിച്ച് അദ്ദേഹം അറിഞ്ഞാൽ മതി. ഏതായാലും കൃത്യമായി ഉദ്യോഗസ്ഥൻമാർ സൂക്ഷ്മമായ അന്വേഷണം നടത്തിയതിനു ശേഷമാണ് കാര്യങ്ങൾ ചെയ്യുന്നത് എന്നു പറഞ്ഞതിന് ഒരു ഉദാഹരണം പറഞ്ഞു എന്നേയുള്ളു. ഏതായാലും നമ്മുടെ സംസ്ഥാനത്തെ പൊതു ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ പ്പോലും ഇതുപോലെ ദുർവിനിയോഗം നടക്കുമ്പോൾ കണ്ടിജൻസി ഫണ്ട് ഇങ്ങനെ വർദ്ധിപ്പിച്ചു കൊടുത്താൽ, കണ്ടിജൻസി ഫണ്ട് യഥേഷ്ടം സഭയുടെ അനുമതി കൂടാതെ നേരിട്ട് ഗവൺമെൻറിന് കൂടുതൽ ചെലവാക്കാൻ അനുവദിച്ചു കൊടുത്താൽ ഇത്തരത്തിലുള്ള പ്രവണത വളരെ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിക്കും, അത് അപകടമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളും നടത്തിയതിന് ഫണ്ട് അനുവദിച്ചു കൊടുക്കണമെന്നു പറയുമ്പോഴും അത്തരം പ്രവർത്തനങ്ങളെ ഞങ്ങൾ എതിർക്കുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു, കേരള ഗവൺമെന്റിന് കൂടുതൽ ഫണ്ട് കിട്ടാൻ ഒന്നിച്ച് ശബ്ദമുയർത്തണമെന്ന്. അതിൽ ആരും എതിർപ്പു പ്രകടിപ്പിച്ചിട്ടില്ല. ശ്രീ. ചന്ദ്രശേഖരൻ അതിന് സർവ്വാത്മനാ സഹകരിക്കാൻ തയ്യാറാണെന്ന് ഇവിടെ പറഞ്ഞതാണ്. പക്ഷേ കിട്ടുന്ന പണം നേരാംവണ്ണം ഉപയോഗിക്കുന്നില്ലെന്ന ആക്ഷേപം ഞങ്ങൾക്ക് ഉണ്ട്. അതുകൊണ്ട് ഇത്തരത്തിൽ ഈ ബില്ലിൽകൂടി ചോദിക്കുന്ന സംഖ്യക്ക് അനുമതി നൽകാൻ പ്രയാസമാണ്. കണ്ടിജൻസി ഫണ്ടിലെ തുക ഇനിയും വർദ്ധിപ്പിക്കണമെന്ന ആവശ്യത്തെ ഞങ്ങൾ എതിർക്കുന്നു. അതുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ.വി. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവങ്ങൾക്ക് പണം ചെലവാക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തീർച്ചയായും കഴിഞ്ഞ കാലഘട്ടത്തിൽ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും മൂലം നമ്മുടെ സംസ്ഥാനത്ത് നിരവധി നാശനഷ്ടങ്ങൾ ഉണ്ടായതായ വസ്തുത എല്ലാവർക്കും അറിയാം. ആ കാലഘട്ടത്തിൽ വളരെ സജീവമായി ഒരു യുദ്ധകാല പരിതസ്ഥിതിയെ നേരിടത്തക്കവണ്ണം നമ്മുടെ സംസ്ഥാന ഗവൺമെന്റ് അവശതയനുഭവിച്ച ജനവിഭാഗങ്ങൾക്ക് ആശ്വാസം എത്തിക്കാൻ ഓടിയെത്തി എന്നുള്ളത് ആർക്കും നിഷേധിക്കാൻ വയ്യാത്ത ഒന്നാണ്. ജനങ്ങളോട് വളരെയേറെ ഉത്തരവാദിത്വമുള്ള ഒരു ജനകീയ ഗവൺമെന്റിനു അത്തരം ഒരു സാഹചര്യത്തിൽ കയ്യും കെട്ടി നോക്കി നിൽക്കുക സാദ്ധ്യമല്ല. ആ സ്ഥിതി നമ്മുടെ സംസ്ഥാനത്ത് വീണ്ടും ഉണ്ടാകണമെന്നു തീർച്ചയായും ആരും ആഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് 50 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി എന്നു കണക്കുകൾ പറയുന്നുണ്ടെങ്കിലും അത് അത്ര ശരിയാണോ എന്നറിയുന്നില്ല. ഏതായാലും നമ്മുടെ സംസ്ഥാനത്തുണ്ടായ 50 കോടി രൂപയുടെ നാശനഷ്ടം പരിഹരിക്കുന്നതിനാവശ്യമായ സഹായസഹകരണം പൂർണ്ണമായ അളവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നു നമുക്കു ലഭിച്ചില്ല എന്നുള്ളത് സത്യമാണ്. വളരെ തുച്ഛമായ സഹായമാണ് ആ കാലഘട്ടത്തിൽ ഇതിനു ലഭിച്ചത്. നമ്മുടെ സംസ്ഥാനത്ത് അനേകം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു, പല വീടുകളും പൂർണ്ണമായി ഒലിച്ചു പോയി, പാലങ്ങൾ നശിച്ചു, റോഡുകൾ തോടുകൾ പോലെയായി, ഇങ്ങനെ വമ്പിച്ച നാശനഷ്ടമാണ് ഉണ്ടായത്. അങ്ങനെ നാശനഷ്ടമുണ്ടായ ആളുകൾക്ക് പൂർണ്ണമായ അളവിൽ എല്ലാവിധ ആശ്വാസവും എത്തിക്കുന്നതിന് സാധിച്ചു എന്നു അവകാശപ്പെടുന്നില്ല. പലയിടത്തും കുറവുകളുണ്ട്. അപര്യാപ്തതകളുണ്ട്. ആവശ്യമായ സഹായം കിട്ടാത്ത സ്ഥലങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ ഫലമായി പല സ്ഥലങ്ങളിലും യഥാസമയം സഹായം കിട്ടിയില്ലെന്നുള്ളത് സത്യമാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ആർക്കും അഭിപ്രായവ്യത്യാസമില്ല. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും അതേ സംബന്ധിച്ച് പരാതിപ്പെട്ടിട്ടുണ്ട്. ശ്രീ. കുര്യൻ സൂചിപ്പിച്ചതുപോലെ ഗ്രാന്റിന്റെ കാര്യത്തിൽ അപ്പുറത്തിരിക്കുന്നവർക്കു മാത്രമല്ല ഞങ്ങളെ സംബന്ധിച്ചിടത്തോളവും അനുവദിച്ചു കിട്ടാത്തതിൽ പരാതിയുണ്ട്. അത്യാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

പല കാര്യങ്ങളും ചെയ്തു തീർക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. നമ്മുടെ സംസ്ഥാനത്തിനാവശ്യമായ സാമ്പത്തിക സഹായം യഥാവസരം കേന്ദ്രത്തിൽനിന്നു ലഭിക്കാത്തതിന്റെ ഫലമായി ഇത്തരം പല കാര്യങ്ങളും നിർവ്വഹിക്കപ്പെടാൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

ശ്രീ. എം. വി. രാഘവൻ: കിട്ടിയാലും കിട്ടിയില്ല എന്നു പറയുന്നത് ശരിയാണോ? കിട്ടിയത് ശരിയായ വിധത്തിലല്ല വിതരണം ചെയ്തിട്ടുള്ളത്.

ശ്രീ. വി. കെ. രാജൻ: കിട്ടിയെന്നുള്ളത് കിട്ടിയില്ല എന്നു പറയുന്നില്ല. കിട്ടിയതു അംഗീകരിക്കുന്നു. കിട്ടിയത് ആവശ്യത്തിനു പര്യാപ്തമല്ല എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. പി. കുര്യൻ: കിട്ടാത്തതിനെക്കുറിച്ചുള്ള പരാതിയല്ല പറഞ്ഞത്. ക്രമപ്രകാരം ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടക്കുന്നതെന്നു പറഞ്ഞതിനെയാണ് ഞാൻ എതിർത്തത്.

ശ്രീ. വി. കെ. രാജൻ: ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടനുസരിച്ചായിരിക്കും എല്ലാ കാര്യങ്ങളും ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഒരു നടപടി ക്രമം ഉണ്ട്. ആ നടപടി ക്രമമനുസരിച്ചേ റോഡുകളുടേതായാലും പാലങ്ങളുടേതായാലും എന്തിന്റെയായാലും കാര്യങ്ങൾ നടക്കുകയുള്ളു. ആരു ഭരിച്ചാലും സ്ഥിതി ഇതുതന്നെയാണ്. ഞാൻ പറഞ്ഞു വന്നത് നമുക്ക് കേന്ദ്രത്തിൽനിന്നു അനുവദിച്ചു കിട്ടിയ സംഖ്യ വളരെ കുറവാണെന്നാണ്. ഇനിയും കൂടുതൽ സംഖ്യ കിട്ടണം. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ബഡ്ജറ്റിൽ കൂടുതൽ പണം അനുവദിച്ചു കിട്ടിയില്ലെങ്കിൽ യാതൊന്നും ചെയ്യാൻ കഴിയുകയില്ല. ഇനിയും പ്രകൃതിക്ഷോഭം ഉണ്ടാകും. അങ്ങനെയുണ്ടാകുന്ന സന്ദർഭത്തിൽ ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതു ഒരു ജനകീയ ഗവൺമെന്റിന്റെ കർത്തവ്യമാണ്. അതിനാവശ്യമായ ഫണ്ട് വേണം. അതിനു തക്കവണ്ണമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഞാൻ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. എം. കെ. കേശവൻ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഇവിടെ വിസ്തരിച്ചു കഴിഞ്ഞു. കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് ഈ തിരുവനന്തപുരത്ത് എത്തിച്ചേരാൻ ഇടയായ ഒരാൾ എന്ന നിലയ്ക്ക് ഞാൻ ഒരു കാര്യം ഓർമ്മയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. സാധാരണ എം. എൽ. എ. കോർട്ടേഴ്സിലേക്ക് ബസ്സിലോ, ആട്ടോറിക്ഷയിലോ കാറിലോ ആണ് പോകുന്നത്. പക്ഷേ ഈ കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് വള്ളം അന്വേഷിക്കേണ്ട ഗതികേട് ഉണ്ടായിട്ടുണ്ട്. നമ്മുടെ തലസ്ഥാനത്തു മാത്രമല്ല സംസ്ഥാനത്തിലെ പല സ്ഥലങ്ങളും വെള്ളത്തിനടിയിലാകുകയും സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരടക്കം പലരും മരിക്കുകയും ചെയ്ത കാര്യം നമുക്കറിയാം. ഇത്തരം വെള്ളപ്പൊക്കത്തിന്റേയും പേമാരിയുടേയും ഫലമായി കെടുതി അനുഭവിച്ച ആളുകൾക്കു ധനസഹായം നൽകുന്ന നടപടിക്കാണ് ഈ ഫണ്ട് ഉപയോഗിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എപ്പോഴാ എന്തു സംഭവിക്കുമെന്ന് തീരുമാനിക്കാൻ സാദ്ധ്യമല്ല. ഇത്തരം ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഉണ്ടാകുമ്പോഴും അതിന് വിനിയോഗിക്കാൻ വേണ്ടി മാറ്റി വയ്ക്കുന്ന തുകയെ സംബന്ധിച്ച് പാസാക്കുന്നതിൽ സംശയം പ്രകടിപ്പിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ രാജ്യത്ത് കഴിഞ്ഞ കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ കൃഷിഭൂമികളിലെല്ലാം മണ്ണിടിഞ്ഞു വീണ് കുന്നു പോലെയായി. അതു മാറ്റാൻ കൃഷിക്കാർക്കു സഹായം നൽകുന്നത് ഇതുപോലുള്ള ഫണ്ടിൽ നിന്നാണ്. ഇതുപോലുള്ള സന്ദർഭങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നവർക്കു കൊടുക്കാൻവേണ്ടി മാറ്റി വയ്ക്കുന്ന തുക ഇവിടെ ചില മെമ്പർമാർ ഉന്നയിച്ച പോലെ അത് യഥാസമയം കിട്ടേണ്ട ആളുകൾക്കു കിട്ടുന്നില്ലെന്നുള്ള പരാതി ഉണ്ട്. എങ്കിലും ഇത്രയും തുക മാറ്റിവച്ചില്ലെങ്കിൽ നമ്മുടെ രാജ്യത്ത് സാധാരണക്കാരായ ആളുകൾക്കു പെട്ടെന്നു സഹായം എത്തിച്ചു കൊടുക്കാൻ സാധിക്കാതെ വരും. ഇത്തരം സന്ദർഭങ്ങളിൽ ചെലവാക്കാൻ വേണ്ട തുക മാറ്റി വയ്ക്കുമ്പോഴും ഇത് പാസാക്കേണ്ടതില്ലെന്ന അഭിപ്രായം പറയുന്നത് ശരിയായിരിക്കുകയില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഏതായാലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് കെടുതികളും ഉണ്ടായപ്പോഴെല്ലാം ചെയ്യേണ്ട കാര്യങ്ങൾ യഥാസമയം ചെയ്യുകയും അതിനെ സംബന്ധിച്ചിടത്തോളം എല്ലാ ആളുകളും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സന്ദർഭം ഉണ്ടാകുമ്പോഴും അതിന് മാറ്റി വയ്ക്കുന്ന തുക കുറവാണെന്നും പരാതിപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വെള്ളപ്പൊക്കമുണ്ടായപ്പോഴും ഇവിടെ ബഹുമാനപ്പെട്ട ഒരു മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ 20 രൂപയേ കൊടുത്തുള്ളൂ എന്ന പരാതി ഉണ്ടായി. വേണ്ടിടത്തോളം കിട്ടാത്തതിനെക്കുറിച്ച് പരാതി ഉണ്ടായി. അങ്ങനെ കൊടുക്കാൻ വേണ്ട തുക മാറ്റി വയ്ക്കുമ്പോഴും അർഹിക്കുന്ന ആളുകൾക്കു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമ്പോഴും അതിനു വേണ്ട തുക മാറ്റി വയ്ക്കരുത്, ബിൽ പിൻവലിക്കണമെന്നു പറയുന്നത് മനുഷ്യത്വപരമായ ഒരു സമീപനമാണെന്നു പറയാൻ നിവർത്തിയില്ല. അതുകൊണ്ട് ഈ ബിൽ പാസാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, കണ്ടിജൻസി ഫണ്ട് 5 കോടി എന്നുള്ളത് 8 കോടിയാക്കണമെന്ന് ആവശ്യപ്പെടുന്ന ബില്ലിനോട് ഞാൻ യോജിക്കുന്നു. അടുത്ത ദിവസങ്ങളിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ഈ പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുകയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അതിനെ സബന്ധിച്ച് ചർച്ച ചെയ്ത് 5 കോടി എന്നുള്ളത് 8 കോടി ആക്കണമെന്നുള്ള അഭിപ്രായത്തോട് യോജിക്കുകയും ചെയ്തു. ആ അവസരത്തിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന അഭിപ്രായം ഉണ്ടായി. അത് എന്താണെന്നു വച്ചാൽ സാധാരണ ഗതിയിൽ ഒരു ബഡ്ജറ്റ് വർഷത്തിന്റെ കാലഘട്ടത്തിൽ ന്യൂ സർവ്വീസസ് എന്ന ബഡ്ജറ്റിന്റെ ചെലവിനത്തിൽ പെടാത്ത പുതിയ ചെലവുണ്ടാക്കാനുള്ള ഒരു പ്രവണത സാധാരണ കണ്ടുവരാറുണ്ട്. പിന്നീട് അത് സപ്ലിമെന്ററി ഗ്രാന്റായി അവതരിപ്പിച്ചു. അതിന് നിയമപരമായ അംഗീകാരം തേടുന്ന പതിവാണ്. വികസന പ്രധാനമായ പ്രവർത്തനങ്ങൾ നടത്തുന്ന കാലഘട്ടത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കാം. അങ്ങനെ കൂടുതൽ ചെലവു ചെയ്യുന്നത് ന്യായവുമാണ്. എന്നാൽ പലപ്പോഴും നമ്മുടെ അനുഭവത്തിൽ പ്രത്യുൽപ്പാദനപരമായ മേഖലകളിലല്ല ഈ ചെലവ് വരുന്നത്. അതുകൊണ്ടാണ് പലപ്പോഴും നമ്മുടെ കണ്ടിജൻസി ഫണ്ടിലുള്ള പണം ഉപയോഗിച്ചു ചിലവ് കൂടുതലാക്കുന്ന കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വിമർശനം വരാറുള്ളത്. എന്നാൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം, പ്രത്യുൽപ്പാദനപരമല്ലാത്ത ചെലവുകൾ ചെയ്യാൻ സ്വാഭാവികമായി ഇന്നത്തെ കാലത്ത് വളർന്നുവരുന്ന നിർബന്ധത്തിന് കീഴ്വഴങ്ങാൻ ഇടവരരുത്. അതേ അവസരത്തിൽ പ്രത്യുൽപ്പാദനപരമായ മേഖലയിൽ ചെലവു ചെയ്യേണ്ടി വരുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലല്ലോ എന്ന നിലയിൽ മടിച്ചു നിക്കാനും പാടില്ല. അതാണ് പ്രധാനമായ കാര്യം. മറ്റ് വാദഗതികളും സ്വീകരിക്കാവുന്നവയാണെന്നു തോന്നുന്നില്ല. 1950-ലെ വില നിലവാരം അല്ല ഇന്നുള്ളത്. അതുകൊണ്ട് രൂപയെന്നത് ലക്ഷം കോടി എന്നു പറയുമ്പോൾ പരിഭ്രമിക്കേണ്ട കാര്യമില്ല. സാധാരണ ബഡ്ജറ്റിൽ വരവ് ചെലവ് കണക്കുകളും വളരെയധികം വലുതായി പോയിട്ടുണ്ട്. അതിന് ആനുപാതികമായി കണ്ടിജൻസി ഫണ്ട് വളർത്തണമെന്നല്ല പറയുന്നത്. മൊത്തത്തിൽ അക്കങ്ങളുടെ കാര്യത്തിൽ തന്നെ ഒരു കൃത്രിമത്വം നിലവിലുണ്ടെന്നു ഞാൻ ചൂണ്ടി ക്കാണിക്കുകയാണ്. ഏതായാലും കണ്ടിജൻസി ഫണ്ടിലേക്ക് 8 കോടി രൂപയായി വർദ്ധിപ്പിക്കുന്നുമെന്നുള്ളതുകൊണ്ട് ആവശ്യമില്ലാത്ത നൃൂ സർവ്വീസസ് ഉണ്ടാകാനും പ്രത്യുൽപ്പാദനപരമായ മേഖലകളിലല്ലാതെ ചെലവു ചെയ്യാനുമുള്ള പ്രവണത വരുമ്പോൾ അതിനെ തടയാനും പ്രത്യേകം ജാഗ്രത വേണമെന്നു ഞാൻ വീണ്ടും പറയുകയാണ്. അതേ അവസരത്തിൽ 8 കോടി രൂപ തന്നെ കണ്ടിൻജൻസി ഫണ്ടിൽ വയ്ക്കുക എന്നു പറഞ്ഞാൽ 8 കോടി രൂപയും ചെലവാക്കണമെന്ന അർത്ഥമില്ല. 8 കോടി രൂപ വരെ ചെലവാക്കാനുള്ള സ്വാതന്ത്ര്യം കിട്ടിയാൽ അത് ജാഗ്രതയായി കൈകാര്യം ചെയ്യണമെന്ന് ഉറപ്പിക്കണം. എന്തെല്ലാം അഭിപ്രായങ്ങളും പറഞ്ഞാലും ഇന്ന് പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിൽ കൂടുതൽ തുകചെലവാക്കാൻ വശംവദരാക്കുന്ന ഒരു സ്ഥിതിയാണുള്ളത്. മനുഷ്യത്വപരമാണെന്നുള്ളതുകൂടി കൂട്ടിച്ചേർത്താൽ പൂർണ്ണമായി. അതു കൊണ്ട് കഴിയുന്നത്ര പ്രത്യുൽപ്പാദനപരമായ മേഖലയിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് അങ്ങനെയുള്ള രംഗങ്ങളിൽ തുക സമയത്ത് പ്രവർത്തിക്കാൻ കഴിഞ്ഞില്ലല്ലോ എന്നുള്ള സാങ്കേതികമായ തടസ്സമുണ്ടായി എന്ന് പറയാനിടവരാത്ത വിധത്തിലുള്ള സംവിധാനം ഉണ്ടാക്കാനാണ് 5 കോടി എന്നുള്ളത് 8 കോടിയാക്കണം എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നത്. ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പി. പി. വി. മൂസ്സ: ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. അത്യാഹിതം ഉണ്ടാകുമ്പോൾ പൊടുന്നനവേ ബന്ധപ്പെട്ടവർക്ക് സഹായം എത്തിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. ഇത്തരം ബില്ല് പാസാക്കി നിയമമായാലും അർഹതപ്പെട്ട ആളുകൾക്കു ലഭിക്കുകയില്ലെന്നു മാത്രമല്ല സന്ദർഭം വരുമ്പോൾ വിവേചനം കാണിക്കുന്നുയെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് എല്ലാ ജില്ലകളിലും കെടുതികളും വ്യത്യസ്തമായ തോതിൽ ബാധിച്ചു. കണ്ണൂർ ജില്ലയിലും അത്യാഹിതമുണ്ടായി വളരെ നഷ്ടം സംഭവിച്ചു. എന്റെ അറിവ് ശരിയാണെങ്കിൽ ആലപ്പുഴ, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലായി 25 ലക്ഷം മുതൽ 50 ലക്ഷം വരെ രൂപ ഈ ഫണ്ടിൽ നിന്ന് കൊടുത്തപ്പോൾ കണ്ണൂർ ജില്ലയിൽ 5.5 ലക്ഷം രൂപയാണ് കൊടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇങ്ങനെ ഒരു ബില്ല് പാസാക്കി എടുത്ത് അത് വിനിയോഗിക്കാൻ വേണ്ടി വിതരണം നടത്തുമ്പോൾ കണ്ണൂർ ജില്ലയോടു കാണിക്കുന്ന അക്ഷന്തവ്യമായ ഈ വിവേചനം എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഇവിടെ എ. പി. കുര്യൻ പറഞ്ഞതുപോലെ ഇക്കാര്യങ്ങളിൽ ഗവൺമെൻറ് രാഷ്ട്രീയ വിവേചനം കാണിക്കുന്നു എന്നുള്ളതിൻെറ എത്ര തെളിവുകൾ വേണമെങ്കിലും പറയാൻ സാധിക്കും. വെള്ളപ്പൊക്കത്തിൻെറ പേരിൽ കേടുപാടുകൾ വന്ന റോഡ് നന്നാക്കാനായി കൊടുത്ത പണം പല ജില്ലകളിലും റോഡ് റീമെറലിംഗിനും റോഡ് കൂടുതൽ വികസിപ്പിക്കുവാനുമാണ് വിനിയോഗിച്ചിട്ടുള്ളതെന്ന കാര്യം എനിക്കു ചൂണ്ടിക്കാണിക്കാൻ കഴിയും. അതുകൊണ്ട് ഇത്തരത്തിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനുള്ള ഒരു സംവിധാനമില്ലെങ്കിൽ എന്തിനുവേണ്ടിയാണ് ഇത്തരം ഒരു നിയമം കൊണ്ടുവന്നു പാസാക്കി എടുക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ വർഷത്തിൽ വെള്ളപ്പൊക്കം മൂലം ഉണ്ടായ കെടുതികളിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുന്നതിനു കണ്ടിജൻസി ഫണ്ടിൽ ഉണ്ടായിരുന്നു 5 കോടി രൂപ തികയാതെ വന്നു അതിൽ കൂടുതൽ ചെലവാക്കേണ്ടിവന്നു, അതിന് ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടതായിവന്നു. അതുകൊണ്ട് ഇങ്ങനെ എല്ലാ വർഷവും 8 കോടി രൂപ ചെലവാക്കേണ്ടിവരുന്നു എന്ന് സങ്കൽപ്പിച്ചുകൊണ്ട് ഇത് ഇങ്ങനെ വർദ്ധിപ്പിക്കുന്ന ഒരു പരിപാടി ശരിയല്ലെന്നാണ് എൻെറ അഭിപ്രായം. മന്ത്രിമാർക്കു ഇഷ്ടം പോലെ കൈകാര്യം ചെയ്യാവുന്ന ഒരു ഫണ്ട്, ഇഷ്ടം പോലെ ദുർവിനിയോഗം ചെയ്യാൻ സാദ്ധ്യതയുള്ള ഒരു ഫണ്ട് എന്ന നിലയിൽ ഇത് ഇങ്ങനെ സ്ഥിരമായി 8 കോടി രൂപയായി വർദ്ധിപ്പിച്ച് കൊടുക്കേണ്ട ആവശ്യമില്ല. എല്ലാ വർഷവും വെള്ളപ്പൊക്കം ഉണ്ടാകും; കെടുതികൾ ഉണ്ടാകും അപ്പോൾ കൂടുതൽ തുക ചെലവാക്കേണ്ടിവരുമെന്നു പറഞ്ഞുകൊണ്ട് അങ്ങനെ ഒരാവശ്യം മുൻകൂട്ടി കണ്ടുകൊണ്ട് ആ കാരണംകൊണ്ട് തുക വർദ്ധിപ്പിക്കുന്നത് ശരിയല്ല. അതിൻെറ ആവശ്യമില്ല. ഇത് ചെലവാക്കുന്ന കാര്യത്തിലാണെങ്കിൽ ഇനി ഭാവിയിൽ ഇതുപോലെയുള്ള ആപത്തുകളുണ്ടാകുകയാണെങ്കിൽ അപ്പോൾ ഇതുപോലെ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ചെയ്യാവുന്ന കാര്യം മാത്രമേയുള്ളു. സ്ഥിരമായി ഉണ്ടാകുമെന്ന് കണ്ടുകൊണ്ട് 8 കോടി രൂപയായി വർദ്ധിപ്പിക്കേണ്ട കാര്യമില്ല. മാത്രമല്ല വെള്ളപ്പൊക്ക കെടുതികൾ ഉണ്ടായപ്പോൾ അതിനെ നേരിടാൻവേണ്ടി ചെലവാക്കിയ തുക ഈ ഫണ്ടിൽ നിന്നു മാത്രം എടുത്തതല്ല. മറ്റു പല ഫണ്ടുകളിൽ നിന്നും കേന്ദ്ര ഗവൺമെൻറിൽനിന്നും കിട്ടിയ സഹായം ഇതിനുവേണ്ടി ഉപയോഗിച്ചു. ഈ കിട്ടിയ സഹായം മുഴുവൻ ഉപയോഗിച്ചു തീർക്കുമോ എന്നുപോലും സംശയമുണ്ട്. അത് ഏതെല്ലാം ജില്ലകൾക്കുവേണ്ടി മാറ്റി വയ്ക്കണമെന്നു തീരുമാനിച്ചതിൻെറ പിന്നിലും അഴിമതിയും രാഷ്ട്രീയ വിവേചനവുമുണ്ടായിട്ടുണ്ടെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പലയിടത്തും ആവശ്യമുള്ള ജില്ലകൾക്കു കൊടുക്കാതെ ആവശ്യമില്ലാത്ത ജില്ലകൾക്കു ഫണ്ട് അനുവദിച്ചുകൊടുത്ത സാഹചര്യമാണുള്ളത്. ശരിയായ പരിഗണന കൂടാതെ വളരെ ധൃതിയിൽ ഒരു തീരുമാനമെടുത്ത് ആവശ്യമുള്ള ജില്ലകൾക്ക് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാതിരിക്കുകയും ആവശ്യമില്ലാത്ത ജില്ലകൾക്ക് ഫണ്ടു അനുവദിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. അനുവദിച്ച സ്ഥലങ്ങളിൽ തന്നെ വളരെക്കൂടുതൽ കെടുതികൾ ഉണ്ടായിട്ടുള്ള പല ബ്ലോക്കുകളിലും ആവശ്യത്തിനുള്ള തുക കൊടുക്കാതെയും വെള്ളപ്പൊക്കത്തിൻെറ കെടുതികൾ തീരെ കുറവായിട്ടുള്ള ബ്ലോക്കുകളിൽ വളരെ

LIBRARY ARCHIVES Kerala Legislative Assembly

അധികം തുക അനുവദിക്കുകയും ചെയ്തിട്ടുള്ള സാഹചര്യമുണ്ടായിട്ടുള്ളത് ചൂണ്ടിക്കാണിക്കാൻ കഴിയും. അങ്ങനെ ചെയ്തതിനു ശേഷവും ഈ തുക മുഴുവൻ ഉപയോഗിച്ചുതീർക്കാൻ സാദ്ധ്യമാകാത്ത പരിതസ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റും ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റും പഞ്ചായത്തും എല്ലാംകൂടി എത്രയും വേഗതയിൽ കാര്യങ്ങൾ നീക്കിയെങ്കിലും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചു കിട്ടിയ മുഴുവൻ തുകയും ചെലവാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അങ്ങനെ ഒരു സാഹചര്യമുള്ളപ്പോൾ മന്ത്രിമാർക്കു തോന്നിയപോലെ രാഷ്ട്രീയ വിവേചനം ഉപയോഗിച്ച് ഇഷ്ടംപോലെ തുക ചെലവാക്കാൻവേണ്ടി കണ്ടിൻജൻസി ഫണ്ടിൽ തുക വർദ്ധിപ്പിച്ച് കൊടുക്കുന്നത് തീരെ തെറ്റാണ്, നിയമസഭയുടെ അവകാശത്തെ മറികടക്കാനുള്ള വെമ്പലാണ്. അതുകൊണ്ട് ഇങ്ങനെ കണ്ടിൻജൻസി ഫണ്ടിലേക്ക് തുക വർദ്ധിപ്പിച്ചു കൊടുത്ത് കണ്ടിൻജൻസി ഫണ്ട് കൺസോളിഡേറ്റഡ് ഫണ്ടിന്റെ ഭാഗമായി മാറിപോകാൻ അനുവദിക്കരുത്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, അധാർമ്മികവും അനാവശ്യവുമായ ഈ നിയമത്തെ ഞാൻ എതിർക്കുകയാണ്. ഈ നിയമം ഏതു നിലയ്ക്കും ആവശ്യമില്ല. ഓർഡിനൻസായികൊണ്ടു വരികയെന്ന തെറ്റായ പ്രവണതയെ ഈ ഗവൺമെന്റ് കൂടുതൽ പ്രോൽസാഹിപ്പിക്കുകയാണ്. പൊതു ഉദ്യോഗസ്ഥർക്കെതിരെ നിയമത്തെ സംബന്ധിച്ച് ഓർഡിനൻസായി വന്നപ്പോൾ സുപ്രീംകോടതി പറഞ്ഞിട്ടുണ്ട് കഴിയുന്നത്ര ഓർഡിനൻസ് പാസ്സാക്കുന്ന സമ്പ്രദായം അംഗീകരിക്കരുതെന്ന്. ഇവിടെ കാണുന്നത് ഓർഡിനൻസുകളുടെ ഘോഷയാത്രയാണ്. പല ഓർഡിനൻസുകളും ഓർഡിനൻസായി ഇഷ്യൂ ചെയ്തു പിന്നെ അത് ഈ നിയമസഭയിൽ കൊണ്ടുവരികപോലും ചെയ്യാതെ അതു ലാപ്സായി പോകുന്നു. എന്താവശ്യത്തിനു വേണ്ടിയാണ് ഇങ്ങനെ ഓർഡിനൻസുകൾ ഇഷ്യൂ ചെയ്യുന്നതെന്നു മനസ്സിലാകുന്നില്ല. ഈ നിയമം ഒരു പക്ഷേ അക്കൗണ്ട്സ് റഗുലറൈസ് ചെയ്യാൻവേണ്ടി, ഈ ഓർഡിനൻസ് നിയമമാക്കാനുള്ള വാദം കൊണ്ടുവന്നാൽ മനസ്സിലാക്കാം. പക്ഷേ ഇതിന്റെ സ്റ്റേറ്റ്മെന്റ്സ് ഓഫ് ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറയുന്നതായിട്ടുള്ള ഏക കാരണം താൽക്കാലികമായിട്ടുള്ള ഒരു കാരണം മാത്രമാണ്. ഈ സാംസ്ഥാനത്ത് ഈ വർഷത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ സംഖ്യ കണ്ടിൻജൻസി ഫണ്ടിൽനിന്ന് ചെലവാക്കേണ്ടതായി വന്നു എന്ന ഏക കാരണമാണ്. ഇത് എല്ലാ കൊല്ലവും ഉണ്ടാവുന്ന കാരണങ്ങളല്ല. ഈ കൊല്ലം താൽക്കാലികമായി ഉണ്ടായ കാരണം മാത്രമാണ്. ഈ അഞ്ചു കോടി ഉറപ്പിക കണ്ടിൻജൻസി ഫണ്ട് പല കാരണങ്ങളാലും മുൻകാലത്ത് പോരാതെ വന്നിട്ടുള്ളതാണെന്നു പറഞ്ഞുകൊണ്ട് ഇത് എട്ടു കോടി ആക്കണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. അടിയന്തരത്തിലുള്ള കാരണങ്ങളൊന്നും പറയുന്നില്ല. താൽക്കാലികമായ ഒരു കാരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു കൊല്ലം ദുരിതാശ്വാസപ്രവർത്തനം ചെയ്യേണ്ടിവന്നു എന്നു കാണിച്ചുകൊണ്ട് ഗവൺമെന്റിന്റെ സ്വാർത്ഥപരമായ താൽപ്പര്യത്തിനുവേണ്ടി എട്ടു കോടിയായി വർദ്ധിപ്പിക്കുകയാണ്. ഞാൻ പ്രത്യേകമായി ഒരു സർക്കാരിനെ കുറ്റപ്പെടുത്തുന്നില്ല. ഈ പ്രവണത ആരു ഭരിച്ചാലും ഉണ്ടായി എന്നു വരാം. പക്ഷേ ഇത് എട്ടു കോടിയായി വർദ്ധിക്കുമ്പോൾ എട്ടു കോടി

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഉറുപ്പികയുടെ ആനുകൂല്യം ഇനി വരുന്നതായ ഗവൺമെൻറുകൾക്കെല്ലാം തന്നെ സൗകര്യപൂർവ്വം ഉപയോഗിക്കുവാൻ സാധിക്കും. ഇത്തരത്തിലുള്ള സമീപനം സ്റേറററ്മെൻറ്സ് ഓഫ് ഓബ്ജക്റ്റ്സ് ആൻറ് റീസൺസിൽ പ്രതിപാദിച്ചിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ എടുക്കേണ്ടതില്ല. അതുകൊണ്ട് ഈ നിയമം ഒരു താൽക്കാലിക നിയമം എന്ന നിലയിൽ കഴിഞ്ഞ കൊല്ലത്തെ അനുഭവംവച്ചുകൊണ്ട് ആറു മാസത്തേക്കോ എട്ടു മാസത്തേക്കോ ഒരു കൊല്ലത്തേക്കോ അഞ്ചു കോടി ഉറുപ്പിക എന്നുള്ളത് എട്ടുകോടി ഉറുപ്പിക ആക്കികിട്ടണമെന്ന് പറഞ്ഞിരുന്നെങ്കിൽ ന്യായീകരിക്കാൻ സാധിക്കുമായിരുന്നു. താൽക്കാലികമായി എട്ടു കോടി ആക്കാം. ഈ കാരണത്താൽ എന്നന്നേക്കുമായി എട്ടു കോടി ഉറുപ്പിക ആക്കണമെന്നു പറയുകയാണെങ്കിൽ അതിന് അർത്ഥമില്ല. ശ്രീ. ടി. എം. ജേക്കബ് സെൻട്രൽ സ്റേറററ് റിലേഷൻഷിപ്പിൻെറ കാര്യം വരെ ഈ ബില്ലിനെ സ്പർശിച്ചുകൊണ്ടു പറഞ്ഞു. ഞാൻ ആ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ അദ്ദേഹം ഇവിടെ പറഞ്ഞു, ദുരിതാശ്വാസപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് വളരെയധികം ചെയ്യേണ്ടിവന്നതുകൊണ്ടാണ് ഈ അമെൻറുമെൻറ് കൊണ്ടുവരേണ്ടതായി വന്നതെന്ന്. സർ, അദ്ദേഹത്തിൻെറ വാക്കുകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം ഒന്നു മനസ്സിലാക്കേണ്ടതുണ്ട്. 1968-ൽ ഉണ്ടായ ഫ്ളഡ്ഡിൽ 1961-ൽ ഉണ്ടായ ഫ്ളഡ്ഡിൻെറ പകുതി ദുരിതാശ്വാസ പ്രവർത്തനം മാത്രമേ ഈ സംസ്ഥാനത്ത് ചെയ്യേണ്ടതായി വന്നിട്ടുള്ളു. പക്ഷേ അതിനുമുമ്പുള്ള കാലങ്ങളിലൊന്നും തന്നെ ഈ കണ്ടിൻജൻസി ഫണ്ടിൻെറ വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ട് ചെലവാക്കേണ്ടതായ പ്രാരാബ്ധം സംസ്ഥാന ഗവൺമെൻറിന് ഉണ്ടായിട്ടില്ല. സംസ്ഥാന ഗവൺമെൻറിനു പ്രാരാബ്ധമുണ്ടായത് മുൻകൊല്ലത്തെ അപേക്ഷിച്ച് കേന്ദ്ര ഗവൺമെൻറ് 11 കോടി ഉറുപ്പിക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു വേണ്ടി ഈ സംസ്ഥാനത്തിനു തന്നതിനുശേഷമാണ്. തീർച്ചയായും ഇവിടെ പറഞ്ഞിട്ടുള്ള താൽക്കാലിക കാരണംവച്ചുകൊണ്ട് ഇത് വർദ്ധിപ്പിക്കേണ്ടതാണെങ്കിലും എന്നന്നേക്കുമായി വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുന്നതിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എസ്. വരദരാജൻ നായർ: സർ, വളരെ രൂക്ഷമായ വിമർശനത്തിനു വിധേയമാകാതെ ഇതിനെ എതിർത്ത ബഹുമാന്യരായ സഭാംഗങ്ങളും പോലും എതിർത്തതിന് ഒരു കാരണം കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമമായിരുന്നു ഇവിടെ നടത്തിയത്. അതിൽ സന്തോഷമുണ്ട്. കാരണം, ഇതിൻെറ ഗൗരവം, ഇതിൻെറ ആവശ്യകത ബഹുമാനപ്പെട്ട അംഗങ്ങൾക്ക് മനസ്സിലായിട്ടുണ്ടെന്നേ അവർ അംഗീകരിക്കുന്നെങ്കിലും എതിർക്കണം, അതിനൊരു കാരണം കണ്ടുപിടിക്കണമെന്നുള്ളതിൽ കവിഞ്ഞ് ഒരു എതിർപ്പായി പറയുന്നില്ല എന്നുള്ളതിൽ സന്തോഷമാണുള്ളത്. പ്രതിപക്ഷാംഗങ്ങളിൽ തന്നെ വിവിധ കക്ഷികളും വിവിധ നിലകളാണ് എടുത്തത്. അനുകൂലിക്കാൻ സാധിക്കുകയില്ലെന്ന് മാത്രം ബഹുമാനപ്പെട്ട എം. പി. കുര്യനും രൂക്ഷമായി എതിർക്കുന്നു എന്ന് ശ്രീ. ദേവസ്സിക്കുട്ടിയും, കാലാവധി വച്ചിട്ടില്ലാത്തതുകൊണ്ടാണ് എതിർക്കേണ്ടി വന്നത് അല്ലെങ്കിൽ എതിർക്കുകയില്ലായിരുന്നു എന്ന് ചന്ദ്രശേഖരനും ഇങ്ങനെ വിവിധ കക്ഷിയിൽപ്പെട്ട അംഗങ്ങൾ വിവിധ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുള്ള ഒരു എതിർപ്പ് എന്നുള്ളതു കൊണ്ടുതന്നെ ഈ എതിർപ്പിനെ വളരെയധികം ഗൗരവമായി എടുക്കേണ്ടതില്ലെന്ന് എതിർത്തവർ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുന്നു എന്നു വേണം അനുമാനിക്കാൻ. എങ്കിലും ചില ബഹുമാനപ്പെട്ട അംഗങ്ങൾ തെറ്റിദ്ധാരണ വച്ചുപുലർത്തുന്നതുകൊണ്ടോ അതോ തെറ്റിദ്ധരിപ്പിച്ചു പറയാൻവേണ്ടി പറഞ്ഞതോ എന്നറിയില്ല. ഇത് മന്ത്രിമാർക്ക് ഇഷ്ടംപോലെ ചെലവാക്കാവുന്ന ഒരു ഫണ്ടാണെന്ന് പറഞ്ഞത്. ശ്രീ. സുന്ദരേശൻ നായരാണ് ഇങ്ങനെ പറഞ്ഞത്. പക്ഷേ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലാത്ത തുകയെന്ന നിലയിൽ കണ്ടിൻജൻസി ഫണ്ടിൽനിന്ന് വിത്ഡ്രാ ചെയ്യണമെന്നുണ്ടെങ്കിൽ വളരെ കർശനമായ നിയമങ്ങൾക്കു വിധേയമായി മാത്രമേ സാദ്ധ്യമാവുകയുള്ളു എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം ബഡ്ജറ്റ് മാനുവലിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കു വിധേയമായി മാത്രമേ ഈ ഫണ്ട് വിനിയോഗിക്കാൻ പാടുള്ളു. അതു മാത്രമല്ല ഭരണഘടനയനുസരിച്ചുതന്നെ ഈ ഫണ്ട് ഗവർണ്ണറുടെ പക്കലാണ്. ഏതെങ്കിലും ഒരു ചെലവിന് പ്രത്യേകമായി ഗവർണ്ണറുടെ അനുവാദം വേണമെന്നു പറയുന്നെങ്കിൽ അതു കണ്ടിജൻസി ഫണ്ടിൽ നിന്ന് എടുക്കുന്നതിനു വേണ്ടിയാണ്. രണ്ട് ഉദ്യോഗസ്ഥൻമാരും രണ്ടോ മൂന്നോ മന്ത്രിമാരും ഗവർണ്ണരും അംഗീകരിച്ചതിനുശേഷം മാത്രം വിത്ഡ്രാ ചെയ്യാവുന്ന ഒരു ഫണ്ടാണ്. ഞാൻ പറഞ്ഞത് ഈ ഫണ്ട് ഉണ്ടെന്നു കാരണത്താൽ ഇഷ്ടം പോലെ കയ്യാളാവുന്ന ഫണ്ടല്ല എന്ന് ബഹുമാനപ്പെട്ട സുന്ദരേശൻ നായർ മനസ്സിലാക്കാൻ വേണ്ടിയാണ്.

ഞാൻ ഇതിന്റെ മെരിറ്റിലേക്ക് പോകുകയാണ്. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ വായിച്ച ഭരണഘടനയുടെ ആ വകുപ്പ് തന്നെ ഞാൻ ഒന്നു കൂടി വായിക്കാം. ''The legislature of the State may by law establish the Contingency Fund in the nature of an imprest to be entitled ''The Contingency Fund of the State'' into which shall be paid from time to time such sums as may be determined by such law and the said funds shall be placed at the disposal of the Governor of the State to enable advances to be made by him out of such funds for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under Article 205 or Article 206''.

ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി സംസാരിച്ചപ്പോൾ തന്നെ ഞാൻ ചോദിച്ചു എന്തിനാണ് ഇതെന്ന്. അദ്ദേഹം സമ്മതിച്ചു അവിചാരിതമായ ചെലവുകൾ മീറ്റ് ചെയ്യാൻ വേണ്ടിയാണെന്ന്. അവിചാരിതമായ ചെലവുകൾ എന്ന് പറയുന്നതിനോട് ശ്രീ. ദേവസ്സിക്കുട്ടിയും എന്നോടു യോജിക്കുമെന്നാണ് എന്റെ വിശ്വാസം. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ചെലവുകൾ അധികരിക്കുന്നതോടുകൂടി അതിലേക്ക് ആവശ്യമായ അവിചാരിതമായ ചെലവുകൾക്കുള്ള തുകയും കൂടുകയെന്നുള്ളത് സ്വാഭാവികമാണ്. ഒരു ചെറിയ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കായി ഞാൻ വായിക്കാം. 1957.58-ൽ നമ്മുടെ ഡവലപ്പ്മെന്റൽ റവന്യൂ എക്സ്പെൻഡിച്ചറും നോൺ ഡവലപ്പ്മെന്റൽ റവന്യൂ എക്സ്പെൻഡിച്ചറും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറും ആയിട്ടുള്ള മൊത്തം ചെലവ് 41.35 കോടി രൂപയാണ്. അത് 77.78 ൽ 516.12 കോടി രൂപയായി വർദ്ധിച്ചു. 78.79-ൽ അത് 564.43 കോടിയായി. 57.58-ൽ കണ്ടിജൻസി ഫണ്ടിലുണ്ടായിരുന്നത് വെറും 50 ലക്ഷം രൂപയായിരുന്നു. 41 കോടി രൂപ ചെലവാക്കിക്കൊണ്ടിരിക്കുമ്പോൾ 50 ലക്ഷം ഉണ്ടായിരുന്നത് ഇപ്പോൾ 8 കോടിയാക്കണമെന്നു മാത്രമാണ് സഭയുടെ മുമ്പിൽ അഭ്യർത്ഥിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും പുതിയ പദ്ധതിയിനങ്ങൾ നടപ്പിലാക്കാൻ സ്റ്റോറേറ് ഗവൺമെൻറ് തുനിയുമ്പോൾ അതിന് ആവശ്യമുള്ള തുകകൾ ബഡ്ജറ്റിൽ ഇല്ലാതാകുമ്പോൾ ചെലവാക്കാൻ ഈ ഫണ്ട് മാത്രമേയുള്ളു. ഇന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നപോലെ ഇതുവരെയുള്ളതിൽ നിന്നും വ്യത്യസ്തമായി ബഡ്ജറ്റിൽവച്ചിട്ടുള്ള തുകയിൽ കൂടുതൽ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കുന്ന ഒരു നിലപാട് ഈ ഗവൺമെൻറ് എടുത്തിട്ടുണ്ടെന്ന് സന്തോഷത്തോടുകൂടി പറയാൻ സാധിക്കും. ആ അവസരത്തിൽതന്നെ ഈ മാതിരിയുള്ള കൂടുതലായിട്ടുള്ള ചെലവിനങ്ങൾ വരുമെന്നുള്ളത് അവിതർക്കിതമാണ്. ഇങ്ങനെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി അവിചാരിതമായി ഉണ്ടാകുന്ന ചെലവുകളും ഈ ഫണ്ടിൽനിന്നാണ് വിത്ഡ്രാ ചെയ്യേണ്ടതെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമെന്നാണ് എൻെറ വിശ്വാസം. ശ്രീ. ദേവസ്സിക്കുട്ടിയുടെ മറെറാരു ചോദ്യത്തിന് മറുപടി പറയണമോയെന്ന് എനിക്ക് സംശയമുണ്ട്. കാരണം അദ്ദേഹം പറയുന്നത് നിങ്ങൾ ചെലവാക്കിയാൽ ഞങ്ങൾ പാസ്സാക്കിത്തരുമല്ലോ. പിന്നെ എന്തിന് കൂടുതൽ ഉണ്ടാകുന്നു എന്നാണ്. ഒന്നുകിൽ അജ്ഞത അല്ലെങ്കിൽ അഹങ്കാരം. ഇതുമാത്രമാണ് അതിന് മറുപടി. ഏതായാലും രണ്ടായാലും ഞാൻ മറുപടി പറയുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഏതായാലും അജ്ഞത എനിക്കില്ല.

ശ്രീ. എസ്. വരദരാജൻ നായർ: ഞാൻ അതിന് മറുപടി പറയുന്നില്ല. വളരെ പരിമിതമായ ആവശ്യങ്ങൾക്കുവേണ്ടി അത്യാവശ്യചെലവുകൾക്കുവേണ്ടി, അവിചാരിതമായി ഉണ്ടായിരിക്കുന്ന ചെലവുകൾക്കുവേണ്ടി, ഗവൺമെൻറിൻെറ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ചെലവുകൾ അപ്രതീക്ഷിതമായി വർദ്ധിക്കുന്നതുകൊണ്ട് അതിലേക്കാവശ്യമായ റിസർവ്വ് ഫണ്ട് എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട സഭാംഗങ്ങൾ ഇത് അനുവദിച്ചു തരണമെന്നും അംഗീകരിക്കണമെന്നും മാത്രമേ എനിക്ക് പറയാനുള്ളു.

The amendment moved by Shri N.I. Devassikutty was put and lost.

The amendment moved by Shri T.M. Jacob was, by leave, withdrawn.

The question that the Kerala Contingency Fund (Amendment) Bill, 1979, be taken into consideration, was put and carried.

The bill was taken into consideration.

Clauses 2 *and* 3

The question that Clauses 2 and 3 stand part of the Bill was put and carried. Clauses 2 and 3 were added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Minister for Finance (Shri S. Varadarajan Nair): Sir, I move that the bill may be finally passed.

Minister for Education: **(Shri C. H. Muhammed Koya):** Sir, I second it.

The question that the Kerala Contingency fund (Amendment) Bill, 1979 be finally passed, was put and carried.

The Bill was finally passed.

2. THE LEGISLATIVE ASSEMBLY (REMOVAL OF DISQUALIFICATIONS) AMENDMENT BILL, 1979

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

Shri Xavier Arakkal: Sir, I object the introduction of the Bill under Rule 71 Proviso.

"If a motion for leave to introduce a Bill is opposed, the Speaker, after permitting if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion may without further debate put the question:

Provided that where a motion is opposed on the ground that the Bill initiates legislation outside the legislative competence of the Assembly the Speaker may permit a full discussion thereon.

Deputy Speaker: It is only when it is outside the legislative competence of the Assembly,

ശ്രീ. സേവ്യർ അറയ്ക്കൽ: അതാണ് ഞാൻ പറയാൻ പോകുന്നത്. ഭരണഘടന 42 -ാം ഭേദഗതി കൊണ്ട് 191 (1) എ അമെൻറു ചെയ്തിരിക്കുന്നു. അപ്പോൾ സഭയ്ക്കു മനസ്സിലാകും എന്തു കാരണം കൊണ്ടാണ് ഞാൻ ഒപ്പോസു ചെയ്യുന്നത് എന്ന്.

"Disqualifications for the Member: A member shall be disqualified for being chosen as for being a member of the Legislative Assembly or Legislative Council of a State.

(a) if he holds any office of the private owned Government of India or the Government of any State specified in the first schedule as is declared by the Parliament....."

ഇതാണ് സർ ഇഷ്യു.

.....As is declared by law to disqualify its holder ..... ഈ അമെൻറുമെൻറനുസരിച്ച് നിയമസഭയ്ക്ക് ഇങ്ങനെയൊരു ബില്ല് അവതരിപ്പിക്കുന്നതിനോ ചർച്ച ചെയ്യുന്നതിനോ അവകാശമില്ല. അവകാശമുള്ളത്, അധികാരമുള്ളത് പാർലമെൻറിനാണ്.

LIBRARY ARCHIVES Kerala Legislative Assembly